# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലയാഴം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി6/1945/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലയാഴം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി6/1945/2023 തീയ്യതി: 22/12/2023

## കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2023 | 22-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സുലത ഡി , ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

സ്മിത ജി നായർ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

അമ്പിളി യു ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ബിനീത് രാജൻ ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബി എൽ സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ജെയ്ജീവ് എം എൻ | സെക്രട്ടറി | 01-04-2022 | 05-04-2022 |
| ഷൈലജ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-04-2022 | 07-04-2022 |
| ശാലിനി വർഗ്ഗീസ് | സെക്രട്ടറി | 08-04-2022 | 06-10-2022 |
| സുശീല ഇ | സെക്രട്ടറി | 07-10-2022 | 15-10-2022 |
| ഷൈലജ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-10-2022 | 26-10-2022 |
| അനിൽ കെ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-10-2022 | 19-12-2022 |
| പ്രവീൺകുമാർ കെ എസ്സ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഷ്മ ഗോപി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ജയ വി എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഇന്ദു കെ ആർ | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.ജ്യോൽസന ബഷീർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ബിജു.കെ.വർഗീസ് | വെറ്ററിനറി സർജൻ | 01-04-2022 | 10-01-2023 |
| ഡോ.എസ് ശെങ്കോട്ടയ്യൻ | വെറ്ററിനറി സർജൻ | 11-01-2023 | 31-03-2023 |
| നീതു കെ എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 06-01-2023 |
| സ്നേഹലത പി | ഐ സി ഡി എസ് സൂപ്പർവൈസർ | 07-01-2023 | 31-03-2023 |
| ലിബേഷ് മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 29-12-2022 |
| ക്രിസ്റ്റി ജോൺ ഡേവിഡ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 30-12-2022 | 31-03-2023 |
| കണ്ണൻ പി | ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ | 01-04-2022 | 01-01-2023 |
| പ്രിയാമോൾ വി എസ്സ് | ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ | 05-01-2023 | 31-03-2023 |
| ഡോ.ധന്യ രവി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 17-06-2022 |
| ഡോ.രാജഹംസ് ശശി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 18-06-2022 | 23-06-2022 |
| ഡോ.ജയപ്രീത് ഗ്രേസ് ബെല്ല ജെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 24-06-2022 | 31-03-2023 |
| സജിത സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| മേരി ബെനീജ കെ ജെ | വി ഇ ഓ തലയാഴം | 01-04-2022 | 21-07-2022 |
| ശ്രീലത സി എസ്സ് | വി ഇ ഓ തലയാഴം | 22-07-2022 | 31-03-2023 |
| സനൽ എസ്സ് | വി ഇ ഓ തോട്ടകം | 01-04-2022 | 07-07-2022 |
| ജിഷ പി റ്റി | വി ഇ ഓ തോട്ടകം | 08-07-2022 | 31-03-2023 |

ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തിക 02.01.23 മുതൽ 04.01.23 വരെ ഒഴിവ്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല- | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-3 |
| 5 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ എൻട്രിയായി ചേർക്കുന്നില്ല | 1-1-4 |
| 6 | ലോൺ നീക്കിയിരിപ്പ്-ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | അഡ്വാൻസ് ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല. | 1-1-8 |
| 10 | പ്രയർ പീരിഡ്-വിശദാംശം ലഭ്യമല്ല | 1-1-9 |
| 11 | ബി – 17 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയുടെ ആധികാരികത ഉറപ്പാക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | വാഹനം ആസ്തിയായി ഉൾപ്പെടുത്തിയില്ല. | 1-1-11 |
| 13 | ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല. | 1-1-12 |
| 14 | മുൻവർഷനീക്കിയിരിപ്പും തൻവർഷപ്രാരംഭബാക്കിയും പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | വാർഷികപദ്ധതി | 1-5 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തിരനിയന്ത്രണ സംവിധാനം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | ഓൺലൈൻ പേമെന്റ് - തുക ക്രെഡിറ്റാകുന്നതിൽ കാലതാമസം | 1-11 |
| 25 | ചെക്കുകൾ കളക്ഷൻ ആകുന്നതിൽ കാലതാമസം | 1-12 |
| 26 | വസ്തുനികുതി പരിഷ്കരണം | 1-13 |
| 27 | വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല. | 1-14 |
| 28 | വസ്തുനികുതി നിർണ്ണയം - തറ നിർമ്മിതിയുടെ തരം പരിഗണിച്ചില്ല. | 1-15 |
| 29 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല. | 1-16 |
| 30 | സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ഈടാക്കിയതായില്ല. | 1-17 |
| 31 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-18 |
| 32 | വാടക - നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 1-19 |
| 33 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-20 |
| 34 | ലേലം - തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-21 |
| 35 | വിഭവ സമാഹരണം. | 1-22 |
| 36 | പഞ്ചായത്ത് ഓഫീസ് അനക്സ് കെട്ടിടം - ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ നിർവ്വഹണച്ചുമതല നിർമ്മിതി കേന്ദ്രത്തിന് നൽകി | 1-23 |

| | | |
|---|---|---|
| 37 | ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ തെറ്റായി നൽകി- 16,00000/- രൂപയുടെ പദ്ധതിവിഹിതം പഞ്ചായത്തിന് നഷ്ടമായി | 1-24 |
| 38 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താവിന് അധികം തുക നൽകി | 1-25 |
| 39 | ഗുണഭോക്താക്കളെ ഗ്രാമസഭ തെരെഞ്ഞെടുക്കുന്നില്ല | 1-26 |
| 40 | ലൈഫ് ഭവന പദ്ധതി - മുൻകൂറായി വായ്പ എടുക്കുന്നു | 1-27 |
| 41 | ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. | 1-28 |
| 42 | ലൈഫ് ഭവനപദ്ധതി- നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-29 |
| 43 | ലൈഫ് ഭവനപദ്ധതി-ഗുണഭോക്താൾ തിരികെ അടച്ച തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിൽക്കുന്നു | 1-30 |
| 44 | കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് സേവന പുസ്തകം പരിപാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-31 |
| 45 | പോസ്റ്റ് ഷിഫ്റ്റിംഗ്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-32 |
| 46 | കന്നുകുട്ടിപരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. | 1-33 |
| 47 | നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല | 1-34 |
| 48 | പഠനമുറി- പൂർത്തീകരിച്ചിട്ടില്ല | 1-35 |
| 49 | മരുന്ന് /ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല. | 1-36 |
| 50 | വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ | 1-37 |
| 51 | ചെലവുരേഖകൾ ഹാജരാക്കിയില്ല. | 1-38 |
| 52 | എസ്.എസ്.കെ. - ചെലവു തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-39 |
| 53 | ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല | 1-40 |
| 54 | ഗവ.സ്കൂൾ മെയിന്റനൻസ്- പൊളിച്ചു മാറ്റിയ സാധനങ്ങൾ ലേലം ചെയ്തിട്ടില്ല | 1-41 |
| 55 | റോഡ് കണക്ടിവിറ്റി മാപ്പ്- പ്രോജക്ട് പൂർത്തിയായിട്ടില്ല | 1-42 |
| 56 | ഇ-ടെണ്ടർ ഫോറവില -പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല | 1-43 |
| 57 | ലൈഫ് ഭവന നിർമ്മാണം- പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-44 |
| 58 | ഹൈബ്രിഡ് തെങ്ങിൻ തൈവിതരണം- ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചുനൽകി | 1-45 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവിന് അധികം തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തലയാഴം ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14.07.2023 തീയതിയിലെ 2(1) തീരുമാനം പ്രകാരം അംഗീകരിച്ച് 14.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലയാഴം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

**1-1-2 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല-**

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

**1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ്, നോട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയതിനാൽ നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങൾ വെളിപ്പെടുത്തുന്നതിനും വിവിധങ്ങളായ ധനകാര്യ അനുപാതങ്ങൾ വിശകലനം ചെയ്യുന്നതിനും സാധിച്ചിട്ടില്ല.

**1-1-4 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ എൻട്രിയായി ചേർക്കുന്നില്ല**

ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ (ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രുവൽ എൻട്രിയിലൂടെ അക്കൗണ്ട് ചെയ്യേണ്ടതുണ്ട്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രുവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 1.62 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

**1-1-5 ലോൺ നീക്കിയിരിപ്-ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല**

KURDFC ലോൺ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക ബി-5 Secured Loans ഷെഡ്യൂളിലും ബി-16 Pre-paid Expenses ഷെഡ്യൂളിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

**1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-1-7 ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ എ സി ആർ, ചെലവ് പത്രിക, വാർഷികധനകാര്യപത്രിക, ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-8 അഡ്വാൻസ് ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.**

ബി – 18 ഷെഡ്യൂൾ 460509901 Advance To Others ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത 1732818 രൂപ Advance To MGNREGS എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ട തുകയായിരുന്നു.

**1-1-9 പ്രയർ പീരിഡ്-വിശദാംശം ലഭ്യമല്ല**

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ വിശദമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. I-19 ഷെഡ്യൂൾ പ്രകാരം Prior Period Income ആയി അക്കൗണ്ട് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

**1-1-10 ബി – 17 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയുടെ ആധികാരികത ഉറപ്പാക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.**

ബി – 17 ഷെഡ്യൂൾ 450210104 ശീർഷകത്തിൽ ഉൾപ്പെടുത്തിയ 222,132 രൂപയുടെ (VPFA – III-6-(1140000) ആധികാരികത ഉറപ്പാക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

### 1-1-11 വാഹനം ആസ്തിയായി ഉൾപ്പെടുത്തിയില്ല.

പ്രോജക്റ്റ് നം. 31/23 ഹരിതകർമ്മസേനയ്ക്ക് മുച്ചക്രവാഹനം വാങ്ങൽ എന്ന പ്രോജക്റ്റിന്റെ ഭാഗമായി 407177 രൂപ ചെലവഴിച്ച് ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങിയിട്ടുണ്ട്. (പ്രോജക്റ്റിന്റെ ആകെ ചെലവ് 427959). എന്നാൽ പ്രസ്തുത വാഹനത്തിന്റെ മൂല്യം ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-12 ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.

വാർഷിക കണക്കുകളിൽ വിവിധ ഏജൻസികളിലെ നിക്ഷേപത്തിന്റെ ആധികാരികത വ്യക്തമാക്കേണ്ട അടിസ്ഥാന രജിസ്റ്ററായ Advance Register-ൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്തിട്ടില്ല. ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

### 1-1-13 മുൻവർഷനീക്കിയിരിപ്പും തൻവർഷപ്രാരംഭബാക്കിയും പൊരുത്തപ്പെടുന്നില്ല.

എസ് ബി ഐ ഇ പേയ്മെന്റ് അക്കൗണ്ടിൽ മുൻവർഷ നീക്കിയിരിപ്പ് 662208/- രൂപയും തൻവർഷ മുന്നിരിപ്പ് 662233/- രൂപയുമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-2 ബജറ്റ്

25.03.2022 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2022-23 വർഷത്തെ ബജറ്റ് 25.03.23ലെ 1-ാം നമ്പർ തീരുമാന പ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് - ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 71,14,321.00 | 7474911 |
| വരവ് | 22,99,27,742.00 | 24,0823273 |
| ആകെ | 23,70,42,063.00 | 248298184.00 |
| ചെലവ് | 23,56,23,538.00 | 244719178.00 |
| നീക്കിയിരിപ്പ് | 14,18,525.00 | 3579006.00 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്/ചെലവ് തുകകളും വാർഷിക ധനകാര്യപത്രിക പ്രതിഫലിപ്പിക്കുന്ന വരവ്/ചെലവ് കണക്കുകളും തമ്മിൽ താരതമ്യത്തിന് അതീതമായ അന്തരം നിലനിൽക്കുന്നു. വാർഷിക ബജറ്റ് ശാസ്ത്രീയമായ രീതിയിൽ യാഥാർത്ഥ്യബോധത്തോടെ ക്രോഡീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 11,039,360/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 39,616,378/- |
| ആകെ | 50,655,738/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 36,244,458/- |
| നീക്കിയിരിപ്പ് (31/03/2023) | 14,411,280/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 168,082,098/- |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 172,677,872/- |
| പ്രവർത്തന നഷ്ടം(Gross Deficit) | (4,595,774/-) |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | (1,624,139/-) |
| അറ്റ പ്രവർത്തന നഷ്ടം(Net Deficit) | (6,219,913/-) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | 80000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3766325 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18186000 | 18186000 | 16466277 | 1719723 | 91 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5592000 | 5592000 | 5094137 | 497863 | 91 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5501000 | 5501000 | 4064197 | 1436803 | 74 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6383000 | 6383000 | 5810578 | 572422 | 91 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 731574 | 5865387 | 6596961 | 2616847 | 3980114 | 40 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 94496 | 3276343 | 3370839 | 2647442 | 723397 | 79 |
| ഐ.സി.ഡി.എസ് | 1375375 | 578990 | 1954365 | 294880 | 1659485 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 24524 | 0 | 24524 | 0 | 24524 | |
| റ്റി.എസ്.സി | 0 | 1640000 | 1640000 | 0 | 1640000 | |
| ടോട്ടൽ സാനിട്ടേഷൻ | 353674 | 0 | 353674 | 0 | 353674 | |
| ഹെൽത്ത് ഗ്രാന്റ് വെൽനെസ്സ് | 0 | 81142 | 81142 | 38970 | 42172 | |
| ഹെൽത്ത് ഗ്രാന്റ് ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 210939 | 210939 | 181871 | 29068 | |

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 2378463 രൂപ, 775122 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ

നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വാർഷികകണക്കുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുക പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ആവശ്യമായ അക്കൗണ്ടിങ്ങ് ക്രമീകരണങ്ങളിലൂടെ ഉൾപ്പെടുത്താത്ത വീഴ്ച ഒഴിവാക്കേണ്ടതാണ്.

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

3. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻവർഷം ലഭിച്ച പലിശ 113451/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക നീക്കിയിരിപ്പ് വാർഷികധനകാര്യപത്രിക, എ സി ആർ എന്നിവ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

### വാർഷികപദ്ധതി

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷമായ 2022-23 മുതലുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-4-22ലെ സ.ഉ(കൈ) നം. 84/2022 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടിക്രമങ്ങൾ തൃപ്തികരമായി നിറവേറ്റിയിട്ടുള്ളതായി കാണുന്നു. പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം പദ്ധതി ആസൂത്രണവും/രൂപീകരണവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി/ |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിച്ചു അംഗീകരിച്ച | 13-1-21-ലെ 2(1), 2(2) തീരുമാനങ്ങൾ |
| ആസൂത്രണസമിതിയോഗം | 17-12-21 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 17-1-22 മുതൽ 20-1-22 വരെ തീയതികൾ |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 19-1-22, 14-6-22 |
| ഭിന്നശേഷിഗ്രാമസഭ | 7-6--22 |
| വയോജനഗ്രാമസഭ | 1-6-22 |
| ഊരുകൂട്ടം | 22-11-22 |
| വികസനസെമിനാർ | 19- 1-22 ,14-6-22 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച | 10-8-22 2(1) തീരുമാനം |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ച | 26-10-22ലെ 1 (1) തീരുമാനം |

വികസനസെമിനാറിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും കരട് നിർദ്ദേശങ്ങൾ ക്രോഡീകരിക്കയും, വിട്ടുകിട്ടിയ സ്ഥാപന മേധാവികളുടേയും വിവിധ നിർവ്വഹണോദ്യോഗസ്ഥരുടേയും യോഗം ചേർന്ന് വിവിധ വികസനമേഖലകളിലായി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ചും സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.

വാർഷികപദ്ധതി - വകയിരുത്തലും ചെലവു വിവരങ്ങളും

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 9,00,90,921/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 151 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 118 പ്രോജക്ടുകൾക്കുവേണ്ടി 4,82,08,709/- രൂപയേ തൻവർഷം ചെലവഴിക്കാനായിട്ടുള്ളൂ.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതി നിർവ്വഹണച്ചുമതല 12 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചു നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 23 | 1,20,58,109 | 88,92,130 | 73.74 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 39,43,396 | 33,81,248 | 85.74 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 8,50000 | 7,50000 | 88.24 |
| അസിസ്റ്റന്റ് എൻജിനീയർ | 40 | 28 | 1,85,15,553 | 99,53,750 | 53.76 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 10 | 8 | 27,13,361 | 19,13,394 | 70.52 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 320000 | 3,18,330 | 99.45 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 11,50,000 | 11,50,000 | 100 |
| കൃഷി ഓഫീസർ | 9 | 9 | 32,06601 | 32,06,151 | 99.99 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 4 | 5,25,610 | 4,77,610 | 90.87 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 17 | 4,48,29,031 | 1,66,55,879 | 37.15 |
| വെറ്ററിനറി സർജൻ | 12 | 11 | 16,79,260 | 12,21,545 | 72.74 |
| ഹെഡ്മാസ്റ്റർ | 3 | 3 | 3,00,000 | 2,88,672 | 96.22 |
| ആകെ | 151 | 118 | 9,00,90,921 | 4,82,08,709 | 53.51 |

വാർഷികപദ്ധതി – വിലയിരുത്തൽ

* തൻവർഷത്തെ വാർഷിക പദ്ധതി അടങ്കലായി 9കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും 4.45കോടി രൂപയെ വിനിയോഗിച്ചിട്ടുള്ളൂ. ബ്ലോക്ക് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും 61.5 ലക്ഷവും

70.2ലക്ഷവും രൂപ വീതം വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നുവെങ്കിലും യഥാക്രമം 21.97 ലക്ഷം, 47.78ലക്ഷം രൂപ വീതമേ യഥാർത്ഥത്തിൽ ലഭ്യമാക്കി ചെലവഴിക്കാനായിട്ടുള്ളൂ. കൂടാതെ മറ്റുള്ളവ എന്ന വിഭാഗത്തിൽപ്പെടുത്തി ചെലവഴിക്കപ്പെട്ട തുക 22ലക്ഷം രൂപ മാത്രമാണെന്നിരിക്കെ ഈയിനത്തിൽ വകയിരുത്തിയ തുക 1.59കോടി രൂപയാണ്. ഇപ്രകാരം ഇതര സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകാവുന്ന തുക സംബന്ധിച്ച് വസ്തുതാപരമായ കണക്കുകൂട്ടൽ നടത്താതെ ഗണ്യമായ തുക വകയിരുത്തുകയും എന്നാൽ തുക ലഭിക്കാതെവന്നതും വാർഷികപദ്ധതിയുടെ ചെലവുശതമാനം കുറയുന്നതിനിടയായി.

*കാർഷികമേഖലയിൽ കൃഷിഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച എല്ലാ പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. പാടശേഖരങ്ങളുടെ സമഗ്രനെൽകൃഷി വികസനം, ഹൈബ്രിഡ് തെങ്ങിൻ തൈ പച്ചക്കറി തൈ, കുറ്റിക്കുരുമുളക് എന്നിവയുടെ വിതരണം മുതലായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലോ ഗ്രാമസഭാലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ലാത്ത പല ഗുണഭോക്താക്കൾക്കും കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുണ്ട്.

* ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി പൊതു/പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി ആവിഷ്കരിച്ച പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതിക്ക് തൻവർഷം ഗ്രാമഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽ നിന്നും 37,74,465/- രൂപയും ബ്ലോക്ക് വിഹിതം 2360000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 8,40,000/- രൂപയും ഉൾപ്പെടെ 69.74ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്.

*പശ്ചാത്തലമേഖലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി അനുയോജ്യമായ സ്ഥലം ലഭ്യമാകാഞ്ഞതിനാൽ പ്രസ്തുത ഉദ്ദേശ്യത്തിനായി ഉല്ലല മാർക്കറ്റിൽ നിലവിലുണ്ടായിരുന്ന ടോയ്‌ലറ്റ് സമുച്ചയം അറ്റകുറ്റപ്പണി നടത്തുകയും പരിസരം വൃത്തിയാക്കുകയും ചെയ്തെങ്കിലും നിലവിലും പരിമിതികൾ നിലനിൽക്കുന്നു. തുടർനടത്തിപ്പും തുടർപരിപാലനവും സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഓഫീസ് അനക്സ് കെട്ടിടനിർമ്മാണത്തിനായി നിർമ്മിതികേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി തീരുമാനിക്കുകയും കരാർ പ്രകാരം 20% മുൻകൂറായി നൽകുകയും ചെയ്തെങ്കിലും ഓഡിറ്റ് തീയതി വരെ പ്രവൃത്തി തുടങ്ങാനായിട്ടില്ല.

*സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഘടകസ്ഥാപനങ്ങൾക്ക് ലാപ്ടോപ്പ്, ഹരിതകർമ്മസേനയ്ക്ക് മുച്ചക്രവാഹനം, ഐ.എസ്.ഒ. തുടർപ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചർ മുതലായ പ്രോജക്ടുകൾ തൃപ്തികരമായി നടപ്പാക്കിയിട്ടുണ്ട്.

വികസനപദ്ധതികൾക്കായി ലഭിച്ച 57 ലക്ഷത്തിലധികം രൂപ നഷ്ടമായി

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിമായി പൂർത്തീകരിക്കാതിരുന്നതും കാരണം വിവിധ വിഭാഗങ്ങളിലായി അനുവദിച്ച് ലഭിച്ച സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിക്കാനായില്ല. ഏകദേശം അരക്കോടിയിലധികം രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വികസനഫണ്ട്( ജനറൽ) | 17,19,723 |
| എസ്.സി.പി | 4,97,863 |
| സംരക്ഷണഗ്രാന്റ്- റോഡ് | 5,72,422 |
| റോഡിതരസംരക്ഷണഗ്രാന്റ് | 14,36,803 |
| സി.എഫ്.സി ( ടൈഡ് ഫണ്ട്) | 11,81,715 |
| സി.എഫ്.സി ( അൺടൈഡ് ഫണ്ട്) | 3,36,892 |
| ആകെ | 57,45,418 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 68 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 15 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2390 കുടുംബങ്ങൾക്ക് 194921 ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 1144 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 257 പ്രവൃത്തികളും പൂർത്തീകരിച്ചു. 194921 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 290 അയൽക്കൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ചെറുകിട ജലസേചനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, ഭൂവികസന പ്രവൃത്തികൾ, വൃക്ഷത്തൈ നടീൽ, വൃക്ഷത്തൈകളുടെ നഴ്സറി എന്നിവയാണ് ടി വർഷം നടപ്പാക്കിയ പ്രവൃത്തികൾ. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 2313 | 1383007 | 1385320 | 1374638 | 10682 |
| ഇ.എഫ്.എം.എസ് | 0 | 70898517 | 70898517 | 70898517 | 0 |
| ആകെ | 2313 | 72281524 | 72283837 | 72273155 | 10682 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം തലയാഴം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 19,949,000/- | 1757 |
| കർഷകതൊഴിലാളി പെൻഷൻ | 11,605,200/- | 947 |
| വിധവാപെൻഷൻ | 6,079,400/- | 513 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 491,200/- | 38 |
| വികലാംഗപെൻഷൻ | 3,110,800/- | 654 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60,000/- | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2023 തീയതിയിൽ 3.00 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14872/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തിരനിയന്ത്രണ സംവിധാനം

വിവിധ വിഷയങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തരനിയന്ത്രണ സംവിധാനം ചുവടെ വിശകലനം ചെയ്യുന്നു.

**കാഷ്/ബാങ്ക്അക്കൗണ്ടുകളിൻമേലുള്ളനിയന്ത്രണങ്ങൾ**

ഗ്രാമപഞ്ചായത്ത് ധന ഇടപാട് നടത്തുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷികധനകാര്യപത്രികയിൽ

പ്രതിഫലിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള എല്ലാ അക്കൗണ്ടുകളുടേയും ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എല്ലാ അക്കൗണ്ടുകളുടേയും ബാങ്ക് സ്റ്റേറ്റ്മെന്റ് അഥവാ പാസ്ബുക്ക് ക്രമമായി സൂക്ഷിച്ചിട്ടുള്ളതും പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുകയും ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പുന:പരിശോധനയ്ക്ക് പര്യാപ്തമായ രീതിയിൽ കൃത്യമായി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

**<u>രസീതുബുക്കുകളുടെസൂക്ഷിപ്പ്</u>**

.പഞ്ചായത്ത് കാര്യാലയത്തിൽ രസീതുകൾ കൃത്യതയോടെ കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥരുടെ കാര്യത്തിൽ രസീതുബുക്കുകളുടെ വിതരണവും കൃത്യമായ ഉപയോഗവും നിരീക്ഷിക്കപ്പെടുന്നില്ല. ഇക്കാരണത്താൽ നിർവ്വഹണോദ്യോഗസ്ഥർക്ക് പണംപിരിവിനായി നൽകുന്ന ബുക്കുകൾ ഉപയോഗിക്കുന്നുണ്ടോയെന്നും ഉപയോഗിക്കാത്ത ബുക്കുകളും ഉപയോഗിച്ച് കഴിഞ്ഞവയും പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കപ്പെടുന്നില്ല. രസീതുബുക്കുകളുടെ സൂക്ഷിപ്പിലും കൈകാര്യം ചെയ്യലിലും ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.
കളക്ഷൻ തുകകൾ കൃത്യസമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും മേൽപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി -കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.

<u>ഭരണപരമായകാര്യങ്ങൾ</u>

കൃത്യമായ ഓഫീസ് ഉത്തരവിലൂടെ പഞ്ചായത്ത് കൈകാര്യം ചെയ്യുന്ന എല്ലാ കാര്യങ്ങളും വിവിധ ജീവനക്കാർക്ക് ഇനം തിരിച്ച് ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ജീവനക്കാർ സ്ഥലംമാറ്റം ലഭിച്ച് പോകുമ്പോൾ കൈകാര്യചുമതലയുണ്ടായിരുന്ന ഫയലുകൾ ലിസ്റ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തി ആധികാരികമായി ചുമതലാകൈമാറ്റം നടത്തുന്നില്ല. വിവിധ ആവശ്യങ്ങൾക്കായി സ്വകാര്യവ്യക്തികൾ പഞ്ചായത്തിനു വിട്ടുനൽകുന്ന ഭൂമികൾ ആസ്തിയിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത്കമ്മറ്റി തീരുമാനങ്ങളെടുക്കുന്നുണ്ടെങ്കിലും സമയബന്ധിതമായ തുടർപ്രവർത്തനങ്ങൾ നടത്തുകയോ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട തുടർനിരീക്ഷണം നടത്തുകയോ ചെയ്യുന്നില്ല.
മേൽവിഷയങ്ങളിൽ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കകേണ്ടതാണ്.

<u>വികസനപരമായ കാര്യങ്ങൾ</u>

വിവിധ വികസനമേഖലകളിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രോജക്ടുകളുടെ ആസൂത്രണ/രൂപീകരണ/നിർവ്വഹണ നടപടിക്രമങ്ങളിൽ സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖാനിർദ്ദേശങ്ങളും പാലിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ഈവിഷയത്തിൽ ആഭ്യന്തരനിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ട സാഹചര്യം നിലനിൽക്കുന്നു.

**<u>ബജറ്റും ബജറ്ററി കൺട്രോളും</u>**

ബജറ്റ് തയ്യാറാക്കുന്നതിന് നിയമാനുസൃത നടപടികൾ പൂർണ്ണമായും പാലിച്ചിട്ടുള്ളതായി വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ബജറ്റിലൂടെ ഗ്രാമപഞ്ചായത്ത് അതിന്റെ വരവുചെലവുകളെ പൊതുവായി മോണിട്ടർ ചെയ്യുന്നുണ്ടെങ്കിലും ബജറ്റ് ധനവിനിയോഗത്തിലെ സമ്പൂർണ്ണ നിയന്ത്രണത്തിനുള്ള ഒരു ഉപാധിയായി വർത്തിക്കുന്നില്ല.

**<u>രേഖകളുടേയും രജിസ്റ്ററുകളുടേയുംസൂക്ഷിപ്പ്</u>**

തൊഴിൽനികുതി, വാടക, ലേലം, ലൈസൻസ് തുടങ്ങിയ വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും യഥാവിധി സൂക്ഷിക്കുന്നുണ്ടെങ്കിലും ഡിസിബി തുകകൾ വാർഷികകധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ്

രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ചെലവിനങ്ങളുമായി ബന്ധപ്പെട്ട് വൗച്ചറുകൾ കൃത്യമായി തയ്യാറാക്കി ചെലവിനാധാരമായ എല്ലാ രേഖകളും സഹിതം ചെലവുനടന്ന ക്രമത്തിൽ നമ്പരിട്ട് ബയന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററുകളുടേയും രേഖകളുടേയും സൂക്ഷിപ്പിൽ ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.08.2022 – 11.08.2022 | 1/22-3/22 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.10.2017 | 2012/13 – 2016/17 | LBA(HQ)II/8B,1302 /17-18/266 Dtd 28.11.2017 |

## 1-11 ഓൺലൈൻ പേമെന്റ് – തുക ക്രെഡിറ്റാകുന്നതിൽ കാലതാമസം

വിവിധ സേവനങ്ങൾക്കുള്ള ഫീസ് തുകകളും, നികതി-നികുതിയേതര വരവിനത്തിലുള്ള തുകകളും ഓൺലൈനായി ഒടുക്കുന്നത് പഞ്ചായത്തിന്റെ 67393870230 നം. (എസ്.ബി.ഐ. വെച്ചൂർ ശാഖ) അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടുകളിൽ വരവ് രസീത് ചെയ്ത ശേഷം 2-3 മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നത് എന്ന് പരിശോധനയിൽ കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പെടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്ന് തിരിച്ചറിയുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 38746/- രൂപ ലഭിക്കാനുണ്ട്. തുടർ മാസങ്ങളിലെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ നിന്നും ടി തുക 3 മാസം കഴിഞ്ഞിട്ടും ലഭിക്കാത്ത അവസ്ഥയുണ്ട്. മേൽ തുകയിൽ വളരെയേറെ കാലതാമസമുണ്ടായ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക (രൂപ) | വൗച്ചർ നം/തീയതി |
|---|---|---|
| 1 | 120/- | 1220000118/10.11.2022 |
| 2 | 987/- | 119030900094/31.03.2021 |
| 3 | 380/- | 1220000098/27.09.2022 |

ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ വ്യക്തമായ വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/18.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ചെക്കുകൾ കളക്ഷൻ ആകുന്നതിൽ കാലതാമസം

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന ചെക്ക് കളക്ഷനാകാത്തതായി കാണുന്നു. ചെക്കിന്റെ വിശദാംശം താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | രസീത് നം/തീയതി | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|---|
| 1 | 1220103110/13.03.2023 | 867974/16.03.2023 | 22250 |

ചെക്കുകൾ സമയബന്ധിതമായി കളക്ഷൻ ആകാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/20.11.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ ചെക്ക് 9/2023ൽ വരവ് വെച്ച് നൽകിയിട്ടുള്ളതായും ചെക്കുകൾ കളക്ഷനാകാൻ കാലതാമസം നേരിടുന്നത് സംബന്ധിച്ച് ബാങ്കിന് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും വിഷയത്തിൽ കമ്മറ്റിയുടെ പരിഗണനയ്ക്ക് വച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പഞ്ചായത്ത് തനത് ഫണ്ടിൽ വരവാകേണ്ടിയിരുന്ന തുക സമയബന്ധിതമായി ക്രെഡിറ്റാകാത്ത സാഹചര്യം ഓഡിറ്റ് ഗൗരവമായി നിരീക്ഷിക്കുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയും ഭരണസമിതിയും ക്രിയാത്മകമായി ഇടപെടേണ്ടതാണ്.

## 1-13 വസ്തുനികുതി പരിഷ്കരണം

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് തലയാഴം ഗ്രാമപഞ്ചായത്ത് ഭരണസമിതി 28/04/2023 ലെ 5(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 05-06-23-ലെ എസ്.സി2-2142/2023. നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട് (പത്രമാധ്യമത്തിൽ ഉൾപ്പെടെ). നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിനോടൊപ്പം 5% വർദ്ധനവ് വരുത്തി ഈടാക്കി വരുന്നു. എന്നാൽ സർക്കാർ നിർദ്ദേശാനുസരണമുള്ള മാറ്റങ്ങളും ഭേദഗതികളും പരിഗണിച്ചുള്ള സമ്പൂർണ്ണമായ വസ്തുനികുതി പരിഷ്കരണം നടപ്പിലായിട്ടില്ല.

മേൽ വിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ 200 ച.മീ നു മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്ക് 90 രൂപയായിരുന്നു. എന്നാൽ പുതുക്കിയ നിരക്ക് പ്രകാരം 100 ച.മീ മുതൽ 500 ച.മീ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ അടിസ്ഥാന നികുതി നിരക്ക് 74/- രൂപയായി നിർണ്ണയിച്ചിരിക്കുന്നു. ആയതു പ്രകാരം 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിൽ കുറവ് വന്നതായി കാണുന്നു. വസ്തു നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ ഇപ്രകാരം പഴയ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക്/അതേ നിരക്ക് നിശ്ചയിക്കുന്നതു വഴി മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി വർദ്ധനവ് സാധ്യമാകുമോ എന്നതിൽ അവ്യക്തയുണ്ട്. ചട്ടങ്ങളിലെ ഭേദഗതി പ്രകാരം 100 ച.മീറ്റർ മുതൽ 500 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ ഒരേ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിനാൽ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കിൽ കുറഞ്ഞ നിരക്ക് വസ്തുനികുതി പുതുക്കലിനായി പരിഗണിക്കുമ്പോൾ നിലവിലുള്ള നികുതി നിരക്കിൽ കുറവ് വരുന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി പരിഗണിച്ച് റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/18.11.2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ വിഷയത്തിൽ ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടികളുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6 പ്രകാരം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20% വർദ്ധന വരുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി

നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ/ കെട്ടിടത്തിന്റെ തരം /ഉടമ | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേരും തരവും | വിസ്തീർണ്ണം (ച മീ) | നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടിയിരുന്ന വർദ്ധന |
|---|---|---|---|---|---|
| 1 | 14 -2 കെ ആർ മോഹനചന്ദ്രൻ പാർപ്പിടാവശ്യം - 8 രൂപ | വൈക്കം വെച്ചൂർ റോഡ് (5 മീറ്ററിലധികം) | 134.49 | 1076 | 215 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/18.11.23) ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 വസ്തുനികുതി നിർണ്ണയം - തറ നിർമ്മിതിയുടെ തരം പരിഗണിച്ചില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ 2022-23 വർഷം നികുതി നിർണ്ണയം നടത്തിയ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ തറനിർമ്മിതിയുടെ തരം പരിഗണിച്ചതായി കാണുന്നില്ല. തറനിർമ്മിതിയുടെ തരം സംബന്ധിച്ച് അപേക്ഷകൻ ലഭ്യമാക്കിയ ഫാറം 2-ലോ പഞ്ചായത്തിന്റെ അന്വേഷണ റിപ്പോർട്ടിലോ രേഖപ്പെടുത്തലില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം/അടിസ്ഥാന നികുതി നിരക്ക് | വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന നികുതി | നൽകേണ്ട വർദ്ധനവ് (15%) |
|---|---|---|---|---|
| നജീബ് സി എം /278 A – 278 H | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ /70 | 212.26 | 14858 | 2229 |
| | റസിഡൻഷ്യൽ ഹോം സ്റ്റേ/25 | 62 | 1550 | 236 |
| | | 274.26 | 16408 | 2465 |
| പ്രസിഡൻറ്,സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് 1142,ഉല്ലല/ 357 A -357 C | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ /70 | 139.16 | 9741 | 1461 |

| | | | | |
|---|---|---|---|---|
| | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)/50 | 152.32 | 7616 | 1142 |
| | | 291.48 | 17357 | 2603 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/18.11.2023) ലഭ്യമാക്കിയ മറുപടിയിൽ പുനഃപരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വസ്തുനികുതി നിർണ്ണയത്തിലെ നിർണ്ണായകമായ ഒരു ഘടകമാണ് തറ നിർമ്മിതിയുടെ തരം. ഇത് സംബന്ധമായ ആധികാരിക വിവരങ്ങൾ ശേഖരിക്കാതെയും പരിശോധിക്കാതെയും വസ്തുനികുതി നിർണ്ണയിക്കുന്ന നടപടി ക്രമപ്രകാരമല്ല. നികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-16 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.**

2022-23 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടയ്ക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ഗവ.ആയുർവേദ ഡിസ്പെൻസറി | 1 |
| 2 | കൃഷി ഭവൻ | 1 |
| 3 | വില്ലേജ് ഓഫീസ് തലയാഴം | 1,2 |
| 4 | പോസ്റ്റ് ഓഫീസ് കൊതവറ | 2 |
| 5 | കളത്തിൽ ബാങ്കേഴ്സ് | 1,2 |
| 6 | സരസ്വതി ബാങ്കേഴ്സ് | 1,2 |
| 7 | പ്ലാത്താനത്ത് ബാങ്കേഴ്സ് | 1,2 |
| 8 | ടി എസ് നം 14,18 | 1 |
| 9 | ഐശ്വര്യ ബാങ്കേഴ്സ് | 1 |
| 10 | എടത്തിൽ ബാങ്കേഴ്സ് | 1,2 |
| 11 | ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ | 1,2 |
| 12 | ഗ്രാമപഞ്ചായത്തിലെ വിവിധ പെട്രോൾ പമ്പുകൾ | 1,2 |
| 13 | ഗ്രാമപഞ്ചായത്തിലെ വിവിധ റേഷൻ ഷോപ്പുകൾ | 1,2 |
| 14 | മറ്റപ്പള്ളി ബാങ്കേഴ്സ് | 1,2 |
| 15 | ടി എസ് നം 15,16 | 1,2 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/18.11.2023) മറുപടി ലഭ്യമാക്കിയില്ല. ഇത്രയധികം സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ടേൺഓവർ നികുതി ബാധകമായ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് ഉറപ്പാക്കാനാവാത്ത സ്ഥിതി ആശാസ്യമല്ല. തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം

ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-17 സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ഈടാക്കിയതായില്ല.**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടേണോവർ അടിസ്ഥാനത്തിലുള്ള സ്ഥാപനതൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾ |
| 2. | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഫ്യുവൽ സ്റ്റേഷനുകൾ |
| 3. | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോദ്പാദന സഹകരണസംഘങ്ങൾ |
| 4. | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളു ഷാപ്പുകൾ |
| 5. | എസ് ബി ഐ ,ഉല്ലല |
| 6. | സപ്ലൈകോ ഉല്ലല |
| 7. | തോട്ടകം സർവ്വീസ് സഹകരണ ബാങ്ക് 470 |
| 8 | ഐശ്വര്യ ബാങ്കേഴ്സ് |
| 9. | കളത്തിൽ ബാങ്കേഴ്സ് |
| 10. | സരസ്വതി ബാങ്കേഴ്സ് |
| 11 | പ്ലാത്താനത്ത് ബാങ്കേഴ്സ് |
| 12 | എടത്തിൽ ബാങ്കേഴ്സ് |
| 13 | മറ്റപ്പള്ളി ബാങ്കേഴ്സ് |

പഞ്ചായത്ത് ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ നികുതി ഡിമാന്റിൽ ഉൾപ്പെടുത്താതിരുന്നത് പഞ്ചായത്തിന്റെ തനത് വരുമാനം നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുന്നു. നികുതി ഡിമാന്റിലെ അപാകതയ്ക്ക് രേഖാമൂലം വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/18.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് എല്ലാംതന്നെ ഇരു അർദ്ധവർഷങ്ങളിലായി പരമാവധി തുക (2500/- രൂപ വീതം) ഈടാക്കാൻ സാധിക്കുമായിരുന്നു. ആയതിനാൽ മേൽ പരാമർശിത സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഇനത്തിൽ മാത്രം 32500/- രൂപ (13x2500) നഷ്ടമായിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-18 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.**

തലയാഴം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2022-23 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2022-23 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ

പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | റോബി സേവ്യർ |
| 2. | ജോസ്മോൻ തോമസ് |
| 3. | ഷാജി പി കെ |
| 4. | ജിജോ വർഗ്ഗീസ് |
| 5. | ഷാജി പി എസ് |
| 6. | ഉമേഷ് കെ യു |
| 7. | സോനിഷ് പി വി |
| 8. | അശോക് കുമാർ ഒ ബി |
| 9. | ഫിലിപ്പോസ് ടി പി |
| 10. | സുരേഷ്കുമർ പി ഡി |
| 11. | കാസ്റ്റോ ചെറയിൽ |
| 12. | കെ എൻ ശശിധരൻ |
| 13. | രാജീവ് പി പി |
| 14. | രാധാകൃഷ്ണൻ കൊച്ചുമാന്തറ |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/18.11.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 വാടക - നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

വാടക രജിസ്റ്റർ പ്രകാരം 2022-23 വർഷം ഗ്രാമപഞ്ചായത്തിന് വാടകയിനത്തിൽ താഴെപ്പറയും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു. വാടകയോടൊപ്പം ഈടാക്കി ഒടുക്കേണ്ടിയിരുന്ന ജി.എസ്.ടി. ഇനത്തിലുള്ള തുകയും യഥാവിധി പിരിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | വാടക മുറി/പ്രതിമാസ നിരക്ക് | വാടകയ്ക്ക് എടുത്ത വ്യക്തി | കുടിശ്ശിക വരുത്തിയ കാലയളവ് | കുടിശ്ശിക |
|---|---|---|---|---|
| 1 | റൂം നം 3 (1619) | ഷിമ്മി | 08/22 - 10/22 , 3 മാസം | 4587 |
| 2 | റൂം 2 വാർഡ് 2 (1050 ) | നിഷ വട്ടക്കരി | 2022-23 വർഷത്തെ ജി എസ് ടി ഈടാക്കിയതായി കാണുന്നില്ല | |

വാടകകുടിശ്ശിക ജി.എസ്.ടി. സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കാനും വാടക സംബന്ധിച്ച എഗ്രിമെന്റുകൾ, ബൈലോ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/18.11.2023) മറുപടി ലഭ്യമാക്കിയില്ല. വാടക സംബന്ധിച്ച എഗ്രിമെന്റുകൾ, ബൈലോ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഫയൽ പരിശോധനയിൽ കരാർ വച്ചതിന്റെയോ, കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നിയമാനുസൃത

നടപടികളുടെയോ വിശദാംശം ലഭ്യമല്ലാത്തതിനാൽ കുടിശ്ശിക തുകകൾ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-20 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തിയുടെ പേര് | സ്ഥാപനം |
|---|---|---|
| 1 | വിജയകുമാർ എം പി, മണയിൽ | സ്റ്റേഷനറി കട |
| 2 | ജിജി ജോസ്, കോളശ്ശേരിത്തറ | സ്റ്റേഷനറി കട |
| 3 | സരിത കെ എൻ,കുരിക്കിശ്ശേരി | ഫാർമസി |
| 4 | സുധാകരൻ , പടി നികർത്തിൽ | പലചരക്ക് |
| 5 | സേവ്യർ മണ്ണാശ്ശേരിൽ | പലചരക്ക് |
| 6 | പി ടി സേവ്യർ | സ്ഥാപനത്തിന്റെ തരം രേഖപ്പെടുത്തിയിട്ടില്ല |
| 7 | വിഷ്ണു കെ എസ് | സ്ഥാപനത്തിന്റെ തരം രേഖപ്പെടുത്തിയിട്ടില്ല |
| 8 | ശുഭ റെജി, കുഞ്ഞി ട്രേഡേഴ്സ് | ഇലക്ട്രിക് ഉപകരണങ്ങൾ |
| 9 | റജിമോൻ ആർ | ബേക്കറി |
| 10 | രാജീവ് സി , രാജീവ് സ്റ്റോഴ്സ് | സ്ഥാപനത്തിന്റെ തരം രേഖപ്പെടുത്തിയിട്ടില്ല |
| 11 | പി എ വർഗ്ഗീസ് , പന്തല്ലൂർ ഓയിൽ മിൽ | കൊപ്ര നിർമ്മാണം |
| 12 | മനോജ് കെ എസ് | ഹാർഡ്‌വെയർ സ്പെയർ പാർട്സ് |
| 13 | ചന്ദ്രൻ കെ പി | റൈസ് മിൽ |
| 14 | നിർമ്മല ജോസഫ് | അലോപ്പതി മരുന്ന് വ്യാപാരം |

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങൾ 2022-23 വർഷങ്ങളിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/18.11.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമുള്ള ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിഷയത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സവിശേഷശ്രദ്ധ ക്ഷണിക്കുന്നു.

**1-21 ലേലം – തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല**

വിവിധ വസ്തുക്കളുടെ ലേലം സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ താഴെപ്പറയുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(28/20.11.2023) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | തീരുമാനം/തീയതി | വിവരണം |
|---|---|---|
| 1 | 9/1 – 04.05.2022 | ഉല്ലല മാർക്കറ്റിലെ അപകടാവസ്ഥായിലുള്ള പൂവരശ് മരം ലേലം |
| 2 | 7/1 – 13.05.2022 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ വൃക്ഷങ്ങളുടെ ലേലം |
| 3 | 4/1 - 22.07.2022 | വള്ളം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് |

തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-22 വിഭവ സമാഹരണം.**

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(V) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഒ.. നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി തലയാഴം ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളുടെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്.

1. 2022-23 വർഷം വസ്തു നികുതി ആകെയുള്ള 15 വാർഡുകളിൽ 9 വാർഡുകൾ 100% പിരിച്ചെടുത്തിട്ടുണ്ട്. നിലവിലുള്ള കുടിശ്ശികയായ 268,418 രൂപ പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീയതി 22-3-23 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് 28.04.23 ലെ 5(1), നമ്പർ പഞ്ചായത്ത് കമ്മിറ്റിതീരുമാന പ്രകാരം അംഗീകരിച്ചു. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 05-06-23- ലെ എസ്.സി2-2142/2023. നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട്(പത്രമാധ്യമത്തിൽ ഉൾപ്പടെ). നികുതി പിരിവ് പുരോഗതി പഞ്ചായത്ത് ഭരണ സമതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും അവലോകനം ചെയ്യാറുണ്ട്. നികുതി പരിഷ്കരണ നടപടികൾ

പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്.

2.പഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളുടേയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കിയാൽ തനത് വരുമാനം സ്രോതസ് പൂർണ്ണമായും പിരിച്ചെടുക്കുവാൻ സാധിക്കും.

3.തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക നിലവിലില്ലെങ്കിലും കോൺട്രാക്ടർമാർ, ബിൽഡിംഗ് എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ തുടങ്ങിയ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. നിരവധി സ്ഥാപനങ്ങൾ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി അടവാക്കാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. എല്ലാ പ്രൊഫഷണലുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കി തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും.

4.തലയാഴം ഗ്രാമപഞ്ചായത്ത് പൂർണ്ണമായും കാർഷിക മേഖല ഉൾപ്പെടുന്നതും വെള്ളത്താൽ ചുറ്റപ്പെട്ടതുമായ പഞ്ചായത്താണ്. കാർഷിക മേഖല ആയതിനാൽ തനതുവരുമാനസ്രോതസുകൾ വർദ്ധിപ്പിക്കുന്നതിന് അധിക നിർദ്ദേശങ്ങൾ ഇല്ല. ലേലം, വാടക ഇനങ്ങളിൽ പഞ്ചായത്തിന് കാര്യമായ വരുമാനം ലഭിക്കുന്നില്ല. വാടക ഉൾപ്പെടെ നികുതിയിതരവരുമാനങ്ങളിലെ കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ടൂറിസം മേഖലയിൽ നിന്ന് വരുമാനം വർദ്ധപ്പിക്കുന്നതിനായി ഉത്തരവാദിത്വ ടൂറിസത്തിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും സ്വീകരിക്കേണ്ടതാണ്.

**1-23 പഞ്ചായത്ത് ഓഫീസ് അനക്സ് കെട്ടിടം - ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ നിർവ്വഹണചുമതല നിർമ്മിതി കേന്ദ്രത്തിന് നൽകി**

| | |
|---|---|
| പ്രോജക്ട് നമ്പർ | 24/23 |
| അടങ്കൽ | 24,50000/-<br>(ധനകാര്യക്കമ്മീഷൻ അവാർഡ്) |
| ചെലവ് | 22,20000/- |
| ബിൽ നമ്പർ/ തീയതി | 422/29-3-23 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷം ആവിഷ്കരിച്ച മേൽ പ്രോജക്ട് പ്രകാരം സി.എഫ് സി ഗ്രാന്റ് തുക 24,50000/- രൂപ വകയിരുത്തി അനക്സ് കെട്ടിടനിർമ്മാണത്തിന് പ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നു. നിർമ്മിതി കേന്ദ്രം മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കാനാണ് പ്രോജക്ട് ആവിഷ്കരിച്ചത്. നിർമ്മിതി കേന്ദ്രം ലഭ്യമാക്കിയ 1കോടി പതിനൊന്ന് ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ( 9-3-23-ലെ തീരുമാനം- 1(1) ) ഇതേ തീയതിയിലെ അജണ്ട-9, തീരുമാനം- 2 പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20% തുകയായ 2220000/-രൂപ സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. പ്രോജക്ട് നിർവ്വഹണ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ സുസജ്ജമായ ഒരു എൻജിനീയറിംഗ് സംവിധാനം ഉണ്ടന്നിരിക്കെ താരതമ്യേന

സങ്കീർണ്ണമല്ലാത്ത അനക്സ് കെട്ടിട നിർമ്മാണം പോലെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിഗണിച്ചിട്ടില്ല.

2)അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തെ പ്രവൃത്തി നേരിട്ട് ഏൽപ്പിച്ചു

സർക്കാർ ഉത്തരവ് പ്രകാരം കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് തനത് ശൈലിയിലുള്ള ചെലവ് ചുരുങ്ങിയ പ്രവൃത്തികൾ NON PMC ആയി ഏറ്റെടുക്കുന്നതിന് മാത്രമാണ് അക്രഡിറ്റേഷൻ ഉള്ളത്. പദ്ധതി രൂപീകരണ മാർഗ്ഗ രേഖയിലും (12.2.5.സി) സർക്കാർ ഉത്തരവുകൾ പാലിച്ച് പ്രോജക്ട് തയ്യാറാക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അക്രഡിറ്റേഷൻ ഇല്ലാത്ത കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി നേരിട്ട് നല്കിയ നടപടി നിയമാനുസൃതമല്ല.

3)ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് നിർമ്മിതി കേന്ദ്രത്തിന് അനുമതിയില്ല

ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ ആകെ 5,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുക, അളവ് രേഖപ്പെടുത്തുക, ചെക്ക് മെഷർ ചെയ്യുക തുടങ്ങിയ ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള DLTCയുടെ ചുമതലയാണ്. നിർവ്വഹണ അനുമതിയില്ലാത്ത ഏജൻസിക്ക് പ്രവൃത്തി നല്കിയത് നിയമാനുസൃതമല്ല. നിർമ്മിതി കേന്ദ്രത്തിന് Cost Effective Works നേരിട്ട് ഏറ്റെടുക്കുന്നതിന് മാത്രമാണ് അനുമതി ഉള്ളത്.

4)സാങ്കേതിക അനുമതി നല്കുന്നതിന് കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അധികാരമില്ല

പ്രോജക്ട് പരിശോധിച്ചതിൽ സാങ്കേതിക അനുമതി നല്കിയിരിക്കുന്നത് നിർമ്മിതി കേന്ദ്രം എഞ്ചിനീയർമാർ ആണ്. സർക്കാർ ഉത്തരവ് 67/2021 ധന, തീയതി 17-1-22 പ്രകാരം PMC അല്ലാതെ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുമ്പോൾ സാങ്കേതിക അനുമതി നല്കേണ്ടത് ബന്ധപ്പെട്ട വകുപ്പോ, അല്ലെങ്കിൽ വകുപ്പ് ചുമതലപ്പെടുത്തുന്ന എഞ്ചിനീയർമാരോ ആണ്.

5) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറുന്നതിനുമുൻപ് നിർവ്വഹണസ്ഥാപനവുമായി പ്രവൃത്തി സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കണമെന്ന സർക്കാർ ഉത്തരവനുസരിച്ച് നിർമ്മിതികേന്ദ്രവുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും കരാറിൽ പ്രവൃത്തി ആരംഭിക്കേണ്ടതും പൂർത്തീകരിക്കേണ്ടതുമായ സമയം അഥവാ പൂർത്തീകരണകാലയളവ് വ്യക്തമാക്കിയിട്ടില്ല.

6) മുൻകൂർ തുക കൈമാറി 8 മാസത്തോളമായിട്ടും അനക്സ് കെട്ടിടനിർമ്മാണത്തിനായുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

6) പഞ്ചായത്ത് കമ്മിറ്റിയുടെ 4-5-22ലെ യോഗതീരുമാനപ്രകാരം പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും 9 അംഗ സബ്കമ്മിറ്റി രൂപീകരിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത കമ്മിറ്റി പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് യോഗം ചേർന്ന് തീരുമാനങ്ങളെടുത്തിട്ടുള്ളതായോ ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായോ രേഖകളില്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം-24/20-11-23, 45/30-11-23) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി സ്ഥലത്തുനിന്ന മരങ്ങൾ ലേലനടപടികളിലൂടെ വെട്ടിമാറ്റി സ്ഥലം പ്രവൃത്തി നിർവ്വഹണത്തിനായി ക്ലിയർ ചെയ്ത് നൽകുന്നതിൽ നേരിട്ട കാലതാമസംമൂലമാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാതെവന്നത് എന്ന് വ്യക്തമാക്കുകയുണ്ടായി. എന്നാൽ സ്ഥലം ക്ലിയർചെയ്ത് സ്ഥാപനവുമായി പ്രവൃത്തി നിർവ്വഹണത്തിനായി കൈമാറുന്നതിനുമുൻപ് തന്നെ 22,20000/-രൂപ മുൻകൂർ നൽകിയതായിട്ടാണ് കാണുന്നത്. ലഭ്യമാക്കിയ മറുപടിയിൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മറ്റ് അപാകതകൾക്കുള്ള വിശദീകരണം ലഭ്യമായിട്ടില്ല. വാർഷികപദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പാക്കുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവുകളിലേയും മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങളും വ്യവസ്ഥകളും ഭാവിയിൽ കർശനമായും പാലിച്ചിരിക്കേണ്ടതാണ്.

കൂടാതെ നിർമ്മിതികേന്ദ്രവുമായി ബന്ധപ്പെട്ട് അടിയന്തിരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതും അനക്സ് കെട്ടിടനിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കുന്നതുവരെ തൻവർഷം ടി പ്രോജക്ടിന് ചെലവഴിച്ച 22,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-24 ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ തെറ്റായി നൽകി- 16,00000/- രൂപയുടെ പദ്ധതിവിഹിതം പഞ്ചായത്തിന് നഷ്ടമായി**

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പൊതുവിഭാഗം വികസനഫണ്ട് 16,00000/- രൂപയും ഗുണഭോക്തൃവിഹിതം 608000/- രൂപയും ഉൾപ്പെടെ ആകെ 2208000/-രൂപ വകയിരുത്തി ആവിഷ്കരിച്ച സമഗ്ര നെൽകൃഷി വികസനം (പ്രോജക്ട് നം-68/22) എന്ന പ്രോജക്ടിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സീഡ് ഡവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും നെൽവിത്ത് വാങ്ങി കർഷകർക്ക് വിതരണം ചെയ്തിരുന്നു. വിത്ത് വാങ്ങിയ ഇനത്തിൽ വികസനഫണ്ട് വിഹിതത്തിൽ നിന്നും സ്ഥാപനത്തിന് അനുവദിക്കേണ്ടിയിരുന്ന 16,00000/- രൂപ നൽകുന്നതിനായി ബിൽ ട്രഷറിയിൽ സമർപ്പിച്ചപ്പോൾ സ്ഥാപനത്തിന്റെ അക്കൗണ്ട് തെറ്റായി നൽകുകയും തുക സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ലഭിക്കാതെ വരികയും ചെയ്തു. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും തുക പിൻവലിച്ചതിനാൽ പഞ്ചായത്തിന്റെ കണക്കിൽ ചെലവായിട്ടാണ് പ്രതിഫലിക്കുന്നത്. അക്കൗണ്ട് നമ്പർ കൃത്യമല്ലാത്തതിനാൽ സസ്പെൻസ് അക്കൗണ്ടിൽ നിലനിന്നിരുന്ന ടി തുക പിന്നീട് സർക്കാർ തിരികെ എടുത്തതായും കെ.എസ്.എസ്.ഡി.എ-യ്ക്ക് തുക നൽകേണ്ടത് അനിവാര്യമായതിനാൽ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള അനുകൂല നടപടകളുണ്ടാകണമെന്ന് 28-9-22-ലെ പഞ്ചായത്ത് കമ്മിറ്റി സർക്കാരിനോടഭ്യർത്ഥിച്ച് തീരുമാനമെടുത്തിട്ടുള്ളതായും കാണുന്നു. (അജണ്ട- 2, തീരുമാനം-1) പഞ്ചായത്തിന് നഷ്ടമായ പദ്ധതിത്തുക 1600000/-രൂപ ഇതിനോടകം സർക്കാരിൽ നിന്നും പുനരനുവദിച്ച് ലഭിക്കുകയും ആയത് KSSAD-യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ടോയെന്നും കൂടാതെ ട്രഷറി ബിൽ പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കപ്പെട്ട തുക സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റാകാതിരുന്ന സാഹചര്യം വ്യക്തമാക്കണമെന്നുമുള്ള വിവരങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം.11/18.11.23) ലഭ്യമാക്കിയ മറുപടിയിൽ കെ.എസ്.എസ്.ഡി.എ.യ്ക്ക് വിവിധ ബാങ്കുകളിൽ അക്കൗണ്ട് ഉണ്ടായിരുന്നുവെന്നും, സ്ഥാപനം എസ്ബിഐ.ലേയ്ക്ക് ഒഴികെ മറ്റ് ബാങ്കുകളിലെ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിരുന്നുവെന്നും എന്നാൽ പ്രസ്തുത വിവരം സംബന്ധിച്ച് രേഖാമൂലമോ, ഇ-മെയിൽ മുഖാന്തിരമോ അറിയിപ്പ് ലഭിച്ചിരുന്നില്ലായെന്നും വ്യക്തമാക്കുകയുണ്ടായി. സർക്കാർ തിരികെ എടുത്ത തുക തിരികെ ലഭിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി മുഖാന്തിരം സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മറ്റിക്ക് അപേക്ഷ നൽകിയിട്ടുള്ളതായും മറുപടിയിൽ അറിയിച്ചു.

സംസ്ഥാന ട്രഷറിയിൽ സംയോജിത ധനമാനേജ്മെന്റ് സംവിധാനം നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ട്രഷറി ഇടപാടുകൾ ക്രമീകരിക്കുന്നതിനായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള ധനകാര്യവകുപ്പിന്റെ 16-11-17-ലെ സ.ഉ.(പി)147/2017 നമ്പർ ഉത്തരവുപ്രകാരം പദ്ധതിത്തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യേണ്ടതും സ്ഥാപനത്തിലെ ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ/ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ പ്രസ്തുത ഫണ്ട് കൈമാറ്റം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ബില്ലിനൊപ്പം ട്രഷറികളിൽ സമർപ്പിക്കേണ്ടതുമാണ്. ട്രഷറി ഓഫീസർമാർ ബില്ലുകൾ പാസ്സാക്കുന്നതിനു മുൻപായി നിർദ്ദിഷ്ട സാക്ഷ്യപത്രം പരിശോധിച്ച് ആയത് ഉറപ്പുവരുത്തേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഇതിനുവിരുദ്ധമായി കൃത്യമായ പരിശോധന ഇല്ലാതെയും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിന്റെ കൃത്യത ഉറപ്പാക്കാതെയും ബിൽ സമർപ്പിക്കുകയും ആയത്

പാസ്സാക്കുകയും ചെയ്യതിനാൽ 1600000/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടുകയാണുണ്ടായത്. ആയത് സർക്കാരിൽനിന്നും പുനരനുവദിച്ച് സ്ഥാപനത്തിന് ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ ഉചിതമാർഗ്ഗേണ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയും ഇടപെടലുകളും ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താവിന് അധികം തുക നൽകി

തലയാഴം ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ലൈഫ് ഭവന പദ്ധതിക്കായി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം ഔസേഫ് കെ എ, പടിഞ്ഞാറെ കാട്ടുവള്ളിത്തറ, വാർഡ് 13 എന്ന ഗുണഭോക്താവിന് 260000/- രൂപയും (പ്രോജക്ട് 46/23) സന്തോഷ് കെ പി കളത്തിത്തറ തോട്ടകം വാർഡ് 1 എന്ന ഗുണഭോക്താവിന് 280000/- രൂപയും (പ്രോജക്ട്48/23) നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിൽ യഥാക്രമം 200000/- രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാകുന്നു. ആയതിനാൽ ടി ഗുണഭോക്താക്കൾക്ക് അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | സാങ്ഷൻ നമ്പർ/തീയതി | തുക | ഫണ്ടിനം | തുക ക്രഡിറ്റ് ചെയ്ത അക്കൗണ്ട് നമ്പർ (പേര്) |
|---|---|---|---|---|---|
| 1 | ഔസേഫ് കെ എ, പടിഞ്ഞാറെ കാട്ടുവള്ളിത്തറ, വാർഡ് 13 | 47/24.09.2018 | 40000 | വികസനഫണ്ട് | 32910283248 (മറിയം) |
| | | 295/18.03.2022 | 160000 | ബ്ലോക്ക് വിഹിതം | |
| | | 13/02.06.2022 | 60000 | വികസനഫണ്ട് | |
| | | 31/07.07.2022 | 100000 | വികസനഫണ്ട് | |
| | | 51/01.09.22 | 100000 | വികസനഫണ്ട് | |
| | ആകെ | | 460000 | | |
| 2 | സന്തോഷ് കെ പി കളത്തിത്തറ തോട്ടകം വാർഡ് 1 | 58/31.08.21 | 40000 | ബ്ലോക്ക് വിഹിതം | 67244164714 (ബിജിമോൾ ചെല്ലപ്പൻ) |
| | | 256/05.03.2022 | 160000 | ജില്ലാപഞ്ചായത്ത് വിഹിതം | |
| | | 11/02.06.2022 | 40000 | സ്റ്റേറ്റ് ഷെയർ | |
| | | 10/02.06.22 | 40000 | സ്റ്റേറ്റ് ഷെയർ | |
| | | 32/07.07.2022 | 80000 | വികസനഫണ്ട് | |
| | | 70/12.10.22 | 100000 | ബ്ലോക്ക് വിഹിതം | |
| | | 70/12.10.22 | 20000 | വികസനഫണ്ട് | |
| | ആകെ | | 480000 | | |

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താവിന് ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ആകെ 400000 രൂപയാണ് അനുവദിക്കാവുന്നത്. അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നല്കിയ അന്വേഷക്കുറിപ്പിന് (12/18.11.23) ശ്രീ ഔസേഫ് കെ എ പടിഞ്ഞാറെ കാട്ടുവള്ളിത്തറ എന്ന വ്യക്തിക്ക് അധികം നൽകിയ 60000/- രൂപ 21/10/2022ൽ

പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടെന്നും സന്തോഷ് കെ പി എന്ന വ്യക്തിക്ക് അധികം തുക നൽകിയത് ഓഡിറ്റ് വേളയിലാണ് ശ്രദ്ധയിൽപ്പെട്ടതെന്നും ആയത് ഉടൻ തിരികെ അടപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഈ സാഹചര്യത്തിൽ ശ്രീ സന്തോഷ് കെ പി എന്ന ഗുണഭോക്താവിന് 2022-23 ൽ അധികമായി നൽകിയ 80000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ 80000/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ഗുണഭോക്താക്കളെ ഗ്രാമസഭ തെരെഞ്ഞെടുക്കുന്നില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകൾ മുഖേന ആനുകൂല്യങ്ങൾ നൽകിയ ഗുണഭോക്തക്കളുടെ പേര് വിവരങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ അച്ചടിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ല.

| പ്രോജക്ട് | ചെലവ് | ആനുകൂല്യം ലഭിച്ച ഗുണഭോക്തക്കളുടെ എണ്ണം |
|---|---|---|
| 159/23 വ്യക്തിഗത ശുചിമുറി നിർമ്മാണം | 681000 | 45 |
| 162/23, വീട് മെയിന്റനൻസ് ജനറൽ | 2325000 | 48 |

ഗ്രാമസഭകളുടെ മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ ടി പ്രോജക്ടിന്റെ ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എ സി പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ അധികാരമാണ്.

ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷക്കുറിപ്പിന് (18/18.11.23) 22-23 സാമ്പത്തിക വർഷത്തെ ഗ്രാമസഭയ്ക്ക് ശേഷമാണ് മേൽ പറഞ്ഞ പദ്ധതികൾ ഏറ്റെടുത്തതെന്നും 27/01/23ലെ 2(3) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് നൽകിയതെന്നും തുടർന്നുള്ള ഗ്രാമസഭയിൽ അംഗീകാരം വാങ്ങുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗ്രാമസഭയുടെ സാധൂകരണം ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ അധികാരമായതിനാൽ ഗ്രാമസഭ തെരഞ്ഞടുത്ത ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം നൽകാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി - മുൻകൂറായി വായ്പ എടുക്കുന്നു

ഓഡിറ്റ് വർഷം 2180000 രൂപ KURDFC വായ്പ തുക സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. ഇതിൽ 1700000 രൂപയാണ് തൻവർഷം വിതരണം ചെയ്തത്. 480000 രൂപ വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിന്റെ പേരിൽ എസ് ബി ഐ ഉല്ലല ശാഖയിലെ 40873097862 നമ്പർ അക്കൗണ്ടിൽ അവശേഷിക്കുന്നു. പലിശ ഉൾപ്പെടെ ടി അക്കൗണ്ടിൽ 31.03.2023 -ലെ നീക്കിയിരിപ്പ് 499800/- രൂപയാണ്. ഗുണഭോക്താക്കളുടെ എണ്ണത്തിനും, നിർമ്മാണ പ്രവൃത്തികളുടെ സ്റ്റേജ് കംപ്ലീഷനും ആനുപാതികമല്ലാതെ

മുൻകൂർ ലോൺ തുക അക്കൗണ്ടിൽ നിലനിർത്താനും, തുക ചെലവഴിക്കാതെ തുടരുന്നതിനുമുള്ള സാഹചര്യം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷക്കുറിപ്പിന് (38/21.11.23) ഫണ്ട് ലഭ്യമാകുന്നതിനുള്ള കാലതാമസം മൂലമാണ് മുൻകൂറായി വായ്പക്ക് അപേക്ഷിക്കുന്നതെന്നും അവശേഷിക്കുന്ന തുക നിർമ്മാണഘട്ടം പൂർത്തിയാക്കുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി.

കൂടാതെ മുൻവർഷങ്ങളിൽ വായ്പയിനത്തിൽ തനത് ഫണ്ടിൽ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. മുൻകൂറായി ലോൺ തുക എടുക്കുന്നതും, തുക ചെലവഴിക്കാതെ തുടരുന്നതും ക്രമപ്രകാരമല്ല. വായ്പ തുകകൾ പൂർണ്ണമായും ചെലവഴിക്കപ്പെടുന്നതിന് സാങ്കേതിക പ്രശ്നങ്ങളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-28 ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ട് - വയോജനങ്ങൾക്ക് കട്ടിൽ 53/23

ചെലവ് - 324016/- (വികസനഫണ്ട്)

ബിൽ നം-8/30.3.23

മേൽ പ്രോജക്ട് പ്രകാരം 81 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. 27.02.23 ലെ 11(3) നമ്പർ കമ്മറ്റി തീരുമാന പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 15 വാർഡുകളിലെ 75 ഗുണഭോക്തക്കൾക്ക് വിതരണം ചെയ്തതിനുശേഷം മിച്ചം വരുന്ന 6 കട്ടിൽ 9, 11, 15, 14, 7, 13 വാർഡുകളിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് മേൽകമ്മറ്റി തീരുമാനിച്ചിരുന്നു. കട്ടിൽ കൈപ്പറ്റിയ 6 ഗുണഭോക്താക്കളിൽ 5 പേർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ടി ഗുണഭോക്താക്കൾ ബന്ധപ്പെട്ട ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ഗ്രാമസഭ ലിസ്റ്റിലും ഗുണഭോക്തൃ ലിസ്റ്റിലും ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-37/21.11.23) ലഭ്യമാക്കിയ മറുപടിയിൽ അടുത്ത ഗ്രാമസഭയിൽ സാധൂകരണം വാങ്ങുന്നതാണെന്ന് അറിയിച്ചു. ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ച് വിവരം രേഖാമൂലം അറിയിക്കുന്നതുവരെ 5 കട്ടിലുകൾ വാങ്ങുന്നതിന് ചെലവഴിച്ച 20000/- രൂപ (4000x5) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1.ശാന്ത,പുത്തൻതറ -11

2.രാജമ്മ,പുത്തൻതറ -9

3. വനജാക്ഷി, കാട്ടുതറ -15

4.സുമതിപാവും തലയ്ക്കൽ - 14

5. ശങ്കുണ്ണി പടിഞ്ഞാറേ, കുമ്മംകോട്ട് -13

**1-29 ലൈഫ് ഭവനപദ്ധതി- നിർമ്മാണം ആരംഭിച്ചിട്ടില്ല**

തലയാഴം ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതി ഫേസ് 2-ൽ ഉൾപ്പെട്ട് കരാറിൽ ഏർപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ ടി വ്യക്തികൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു ( 28.09.22 ലെ അജണ്ട 5 തീരുമാനം 1).

1 ഉഷ സുരേന്ദ്രൻ, അഭിനന്ദനം, വാർഡ് 3 കൈപ്പറ്റിയ തുക 40000/-

2. ശ്രീനി പി എം, പള്ളിയമ്പിൽചിറ കൈപ്പറ്റിയ തുക 40000/-

സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷക്കുറിപ്പിന് (23/20.11.23) തുക തിരികെ അടവാക്കുന്നതിന് ഗുണഭോക്താക്കളെ പല തവണ അറിയിച്ചിരുന്നുവെന്നും

സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഫണ്ട് തിരിച്ചടയ്ക്കാൻ സാധിക്കാത്തതാണെന്നും അറിയിച്ചു. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് സന്നദ്ധ സംഘടനകളുടെയോ, വ്യക്തികളുടെയോ സഹായം തേടുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് ഉചിതമായ തീരുമാനം കൈകൊള്ളാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

**1-30 ലൈഫ് ഭവനപദ്ധതി-ഗുണഭോക്താൾ തിരികെ അടച്ച തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിൽക്കുന്നു**

തലയാഴം ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതി ഫേസ് 2 ൽ ഉൾപ്പെട്ട് കരാറിൽ ഏർപ്പെട്ടതും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കൾ തുക തിരിച്ചടയ്ക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.( 28.09.22 ലെ അജണ്ട 5 തീരുമാനം 1). ആയതിന്റെ അടിസ്ഥാനത്തിൽ സുധ മനോഹരൻ തോട്ടുവേലിത്തറ എന്ന ഗുണഭോക്താവ് മുൻകൂർ നല്കിയ 40000 രൂപ പലിശ ഉൾപ്പെടെ 57320 രൂപ 03/11/2022ൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരുന്നു. കൂടാതെ ശ്രീ.ഔസേഫ് കെ എ പടിഞ്ഞാറെ കാട്ടുവള്ളിത്തറ എന്ന ഗുണഭോക്താവിന് ലൈഫ് ഭവനപദ്ധതി പ്രകാരം അനുവദനീയമായതിലധികം നൽകിയ 60000 പഞ്ചയത്തിന്റെ തനത് ഫണ്ടിലേക്ക് 21/10/2022ൽ തിരിച്ചടച്ചിരുന്നു.

മേൽ രണ്ടു തുകകളും 190300404 Recovery Of Unutilized Grants/Funds എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരുന്നു. ടി തുക കോർഡിനേഷൻ കമ്മിറ്റി അനുമതിക്കു വിധേയമായി മറ്റു ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് അതാത് ശീർഷകങ്ങളിലേക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

**1-31 കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് സേവന പുസ്തകം പരിപാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു**

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള എല്ലാ ജീവനക്കാർക്കും (ടെക്നിക്കൽ അസിസ്റ്റന്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് ഓവർസിയർ, അക്കൗണ്ടന്റ് കം ഡേറ്റാ എൻടി ഓപ്പറേറ്റർ എന്നിവർക്ക്) തൻവർഷം ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഡ്യൂട്ടി കാലയളവ് കൃത്യമായി പരിശോധിച്ച് ആർജിച്ച അവധിയും സറണ്ടർ ചെയ്ത ആർജിത അവധിയും സംബന്ധിച്ച ലീവ് അക്കൗണ്ട് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്ന് ഓഡിറ്റ് വേളയിൽ അറിയിച്ചു. കരാറടിസ്ഥാനത്തിലുള്ള എല്ലാ ജീവനക്കാരുടെയും സേവനപുസ്തകം പരിപാലിക്കേണ്ടതും ഡ്യൂട്ടി കാലയളവ് കൃത്യമായി പരിശോധിച്ച് ആർജിച്ച അവധിയും സറണ്ടർ ചെയ്ത ആർജിത അവധിയും ഉൾപ്പെടെയുള്ള ലീവ് അക്കൗണ്ട് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-32 പോസ്റ്റ് ഷിഫ്റ്റിംഗ്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.**

തലയാഴം ഗ്രാമപഞ്ചായത്തിലെ 6- വാർഡിൽ തുപ്പക്കടം-വല്ലയിൽ റോഡ് നിർമ്മാണം എന്ന പ്രവൃത്തി നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും വിവിധ വാർഡുകളിലെ പുതിയ ലൈൻ ചാർജ് ചെയ്യുന്നിനുമായി കെ.എസ്.ഇ.ബി-യുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള 50,656/- രൂപ പൊതുവിഭാഗം വികസനഫണ്ടിൽനിന്നും സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം.168/23 പ്രകാരം കെ.എസ്.ഇ.ബി തലയാഴം ഡിവിഷന് കൈമാറിയിട്ടുണ്ട് (ബിൽ നം-202/2-2-23). എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രവും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങളും ലഭ്യമായിട്ടുണ്ടോയെന്ന വിവരത്തിന് രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (44/21-11-23) മറുപടി ലഭ്യമാക്കിയില്ല. ചെലവുവിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ

50,656/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-33 കന്നുകുട്ടിപരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ നമ്പർ | കന്നുകുട്ടിപരിപാലനം -123/22-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവ്, ഫണ്ടിനം | 200,000 - വികസന ഫണ്ട് ജനറൽ |
| ബിൽ നമ്പർ | 306/15.03.2023 |

കന്നുകുട്ടി പരിപാലനത്തിനായി 200,000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാൽഫ് ഫീഡ് സബ്സിഡിക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണ പുരോഗതി, ചെലവുവിശദാംശങ്ങൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/18.11.2023) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് പൂർത്തീകരിച്ച് ചെലവുവിശദാംശങ്ങൾ വിനിയോഗസാക്ഷ്യപത്രം സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-34 നിശ്ചിത സമയത്തിനുള്ളിൽ കരാറിൽ എർപ്പെടാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല**

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസം പി എ സി യുടെ 1% പിഴ ഈടാക്കിയും കരാർ ചമയ്ക്കുന്നതിന് അനുവദിക്കാവുന്നതാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും പിഴ ഈടാക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു.

| പ്രോജക്ട്, പ്രോജക്ട് നമ്പർ കരാറുകാരൻ കരാർനമ്പർ/തീയതി | സെലക്ഷൻ നോട്ടീസ് അയച്ച/കൈപ്പറ്റിയ തീയതി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റി പിഴയില്ലാതെ കരാർ വയ്ക്കാവുന്ന അവസാന തീയതി | കരാർ തീയതി, കരാർ തുക | പിഴ 1% നിരക്കിൽ |
|---|---|---|---|---|
| 141/23, മണ്ണാത്തുശ്ശേരി ബ്ലോക്ക് മോട്ടോർപുര ഉമേഷ് കെ വി 32 /AE/LID/EW/ 21-22 02.03.22 499490 | 14.01.22 | 28.01.22 | 02.03.22, 499490 | 4994 |

കരാർ വയ്ക്കുന്നതിന് കാലതാമസം നേരിട്ടതിന് ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ

അന്വേഷണക്കുറിപ്പിന് (35/20.11.23) തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-35 പഠനമുറി- പൂർത്തീകരിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ | 80/23 |
| ചെലവ് | 1075000/- വികസനഫണ്ട് എസ്.സി.പി |

| ബിൽ നം. | തുക |
|---|---|
| 169/7.1.23 | 50000 |
| 179/16.1.23 | 100000 |
| 183/19.1.23 | 75000 |
| 203/1.2.23 | 125000 |
| 206/4.2.23 | 50000 |
| 213/8.2.23 | 50000 |
| 238/20.2.23 | 75000 |
| 239/20.2.23 | 50000 |
| 247/21.2.23 | 50000 |
| 300/15.3.23 | 225000 |
| 301/15.3.23 | 75000 |
| 342/20.3.23 | 37130 |
| 372/28.3.23 | 112870 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | വി ഇ ഒ തോട്ടകം |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി മുൻകൂർ 50,000/- രൂപയും ആദ്യഗഡു 75,000/- രൂപയും ഉൾപ്പെടെ 1,25,000/- രൂപ വീതം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾ നാളിതുവരെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സജിത അനിൽകുമാർ,മുട്ടത്തിൽ ചിറ | 125000 |
| 2 | ജിനി പ്രശാന്ത്, നാരകത്ത് ചിറ | 125000 |
| 3 | ബിനോയ്, നടക്കരയിൽ | 125000 |
| 4 | രമാ സദാനന്ദൻ, കടവുംതാഴെ | 125000 |
| | ആകെ | 500000 |

ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (21/20.11.23) നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് മൂല്യനിർണ്ണയം നടത്തി ബാക്കി തുക അനുവദിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നതു വരെ ടി ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകിയ 5,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-36 മരുന്ന് /ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) |

| | | |
|---|---|---|
| പ്രോജക്ട് നം. | 27/23 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ | 18/23മരുന്ന് വാങ്ങൽ |
| ചെലവ് | 556222/- | 750000/- |
| ഫണ്ട് | വികസനഫണ്ട് | റോഡിതരം |
| തുക, ബിൽ നം. | 9705, 5/22-23 /11.08.22<br>10295,43/22-23 /22.03.23 | 99978/-2 /22-23 /18.06.22<br>49938/-15 /22-23/15.1.22<br>100000/-37 /22-23 /18.03.23 |

മേൽ പ്രോജക്ടുകൾ പ്രകാരം പി എച്ച് സി യിലേക്ക് മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്നതിനായി മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് 269916/- (20000+249916=269916/-) രൂപ മേൽ പരാമർശിച്ച ബില്ല് പ്രകാരം നൽകിയിരുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ മരുന്ന്/ഉപകരണങ്ങൾ ലഭിച്ചതായി കാണുന്നില്ല. മരുന്ന്/ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-2/21.11.23) ലഭ്യമാക്കിയ മറുപടിയിൽ 236101/- രൂപ (7758+ 228343= 236101/-)യുടെ മരുന്ന്/ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ശേഷിക്കുന്ന തുക 33815/-രൂപയുടെ (12242+21573=33815/-) മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയ്സ് സഹിതം സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതുവരെ 33815/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) | |
| പ്രോജക്ട് നം. | പി എച്ച് സി യിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (150/23) | അതിദരിദ്രർക്ക് മരുന്നും ചികിത്സ ഉപകരണങ്ങളും (160/23) |
| ചെലവ് | 181871/- | 99955/- |
| ഫണ്ട് | ഹെൽത്ത് ഗ്രാന്റ് | ഹെൽത്ത് ഗ്രാന്റ് |
| തുക, ബിൽ നം. | 85185/-VrNo-22200839 /24.03.23 (BP-2022-23-1) | ബിൽ നം./തീയതി 43231/-29/22-23 /9.2.23 |

മേൽ പ്രോജക്ടുകൾ പ്രകാരം പി എച്ച് സി യിലേക്ക് മരുന്ന്/ഉപകരണങ്ങൾ, വാങ്ങുന്നതിനായി മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് 128416/- (85185+43231= 128416/-) രൂപ മേൽ പരാമർശിച്ച ബില്ല് പ്രകാരം നൽകിയിരുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ മരുന്ന്/ഉപകരണങ്ങൾ ലഭിച്ചതായി കാണുന്നില്ല. മരുന്ന്/ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.10/18.11.23) ലഭ്യമാക്കിയ മറുപടിയിൽ 120012/- (7638+40020+72354=120012/-) രൂപയുടെ മരുന്ന്/ഉപകരണങ്ങൾ

ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ശേഷിക്കുന്ന തുക 8404/- (410+4783+ 3211=8404/-) രൂപയുടെ മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയിസ് സഹിതം സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതുവരെ 8404/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റുകൾ

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന പ്രോജക്റ്റുകളുടെ പരിശോധനയിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/നം | ചെലവുതുക/ഫണ്ടിനം | അപാകത | തടസ്സപ്പെടുത്തുന്ന തുക |
|---|---|---|---|---|
| 1 | മൃഗാശുപത്രിയിൽ ഇൻവെർട്ടർ വാങ്ങൽ,137/23 | 74000 /മെയിൻറനൻസ് ഫണ്ട് റോഡിതരം 307/15.03.23 | സ്റ്റോക്ക് രജിസ്റ്ററിൽ പർച്ചേസ് സംബന്ധിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 74000 |
| 2 | കറവ പശുക്കൾക്ക് കാലിത്തീറ്റ ജനറൽ വനിത,138/23 | 198220/വികസന ഫണ്ട് ജനറൽ<br>1.154/30.12.22 – 45730<br>2.247/21.02.23 – 101660<br>3.391/28.03.23 – 50830 | ബിൽ നം. 154/30.12.23 എ സി ആർ പ്രകാരമുള്ള ചെലവ് 45730 രൂപയാണ്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ബിൽ പ്രകാരം ചെലവ് 46850 രൂപയാണ്. കൂടാതെ ഗുണഭോക്തൃവിഹിതം (2044040) ബന്ധപ്പെട്ട സ്ഥാപനത്തിലേയ്ക്ക് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 2044040 |
| 3 | കറവ പശുക്കൾക്ക് കാലിത്തീറ്റ പട്ടികജാതി വനിത,149/23 | 1.160/31.12.22 – 20170 എസ് സി പി<br>2.305/15.03.23 – 44850<br>3.393/28.03.23 – 14950 | ഗുണഭോക്തൃവിഹിതം(34410) ബന്ധപ്പെട്ട സ്ഥാപനത്തിലേയ്ക്ക് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 34410 |
| | ആകെ | | | 312850 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/21.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതുവരെ 312850/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 ചെലവുരേഖകൾ ഹാജരാക്കിയില്ല.

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന പ്രോജക്റ്റുകളുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്റ്റ്/നം. | ചെലവ് | ഫണ്ടിനം | ബിൽ നം./ |
|---|---|---|---|---|

| നമ്പർ | | തുക | | ചെക്ക് നം. |
|---|---|---|---|---|
| 1 | താറാവ് വളർത്തൽ എസ് സി വനിത,30/23 | 1800 | എസ് സി പി | 137/19.12.2022 |
| | | 21000 | ഗുണഭോക്തൃവിഹിതം | |
| 2 | അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ,28/23 | 5400 | ഗുണഭോക്തൃവിഹിതം | |
| 3 | താറാവ് വളർത്തൽ വനിത,29/23 | 56400 | ഗുണഭോക്തൃവിഹിതം | ചെക്ക് നം. 2497329/ 13.1.23 |
| | ആകെ | 84600 | | |

ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/20.11.2023) മറുപടി ലഭ്യമാക്കിയില്ല. ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 84600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്തപക്ഷം ചെലവുരേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നറിയിക്കുന്നു.

**1-39 എസ്.എസ്.കെ. - ചെലവു തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.**

സമഗ്രശിക്ഷ കേരള കോട്ടയം ജില്ലയിൽ നടത്തുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ചെലവിലേക്കായി 2022-23 വർഷത്തെ ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചതാണ് മേൽപ്രോജക്ട്. എസ്.എസ്.കെ. വൈക്കം ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 30-6-22-ലെ 72/2022-23 നം.കത്ത് പ്രകാരം തൻവർഷത്തെ വിഹിതമായി ഗ്രാമപഞ്ചായത്ത് അടവാക്കേണ്ടിയിരുന്ന തുക 725000/-രൂപയായിരുന്നു. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 500000/-രൂപ എസ്.എസ്.കെ, ബി.ആർ.സി ബ്ലോക്ക് കോ-ഓർഡിനേറ്റർ വൈക്കത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രവർത്തനങ്ങളുടെ ചെലവുവിശദാംശങ്ങളും പഞ്ചായത്ത് കൈമാറി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും ഫയലിൽ ലഭ്യമായിട്ടില്ല. ആയതിനാൽ 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽവിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം-25/20-11-23) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നറിയിച്ചു. ചെലവുവിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കി രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

**1-40 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലിബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത്

അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.

ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.33/20.11.23) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശാനുസരണം തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-41 ഗവ.സ്കൂൾ മെയിന്റനൻസ്- പൊളിച്ചു മാറ്റിയ സാധനങ്ങൾ ലേലം ചെയ്തിട്ടില്ല**

തോട്ടകം എൽ പി സ്കൂൾ അറ്റകുറ്റപ്പണിക്കായി തയ്യാറാക്കിയ 37/23 നമ്പർ പ്രോജക്ടിന്റെ ഒന്നാം ഇനമായി പൊളിച്ചെടുത്ത 4.455m3 ആഞ്ഞിലി ഫ്രേമിന് 46091 രൂപ മൂല്യം കണക്കാക്കി അസിസ്റ്റന്റ് എഞ്ചിനീയർ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിരുന്നതായി പ്രോജക്ട് ഫയലിൽ നിന്നും വ്യക്തമാകുന്നു. ടി സർവ്വേ റിപ്പോർട്ട് തുടർ നടപടികൾക്കായി സെക്രട്ടറിക്കു കൈമാറിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഇനങ്ങൾ ലേലം ചെയ്തത്/സ്വീകരിച്ച തുടർ നടപടികൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷക്കുറിപ്പിന് (32/20.11.23)മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്

**1-42 റോഡ് കണക്ടിവിറ്റി മാപ്പ്- പ്രോജക്ട് പൂർത്തിയായിട്ടില്ല**

| | |
|---|---|
| പ്രോജക്ട് | 38/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 45000 തനത് ഫണ്ട് |
| ചെലവ് | 36000 |
| ബിൽ നം. | 233/20.02.23 |

സർക്കാർ ഉത്തരവ് (കൈ)നം. 84/22/ത.സ്വ.ഭ.വ തീയതി 19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു റോഡ് പ്രോജക്ടും മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം പ്രോജക്ട് തയ്യാറാക്കി വാർഡുകളിലെ മാപ്പിങ്ങ് നടത്തിയതിന് സൂരജ ശ്രീജിത്തിന് 36000 രൂപ നൽകിയിട്ടുണ്ട്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷക്കുറിപ്പിന് (34/20.11.23) പ്രവൃത്തിയുടെ ഓൺലൈൻ വേരിഫിക്കേഷൻ സംസ്ഥാനതലത്തിൽ പൂർത്തീകരിച്ചാൽ മാത്രമേ മാപ്പ് പൂർണ്ണമാകൂ എന്നറിയിച്ചു. ചെലവ് തുകയുടെ ഫലപ്രാപ്തി വ്യക്തമല്ലാത്തതിനാൽ 36000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-43 ഇ-ടെണ്ടർ ഫോറവില -പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല**

2022-23 വർഷം ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർഫോറവില അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ് ബി ഐ ഉല്ലല ശാഖയിലെ 38065318278 നമ്പർ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. തൻ വർഷം 28440 രൂപ ടിയിനത്തിൽ അസിസ്റ്റന്റ്

എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നതായി വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിനുള്ള (1/15.11.23) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ടി അക്കൗണ്ടിൽ 04/04/23ൽ 164027/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക തനത് വരുമാനമായതിനാൽ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-44 ലൈഫ് ഭവന നിർമ്മാണം- പൂർത്തിയാക്കാൻ അവശേഷിക്കുന്നു**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിക്ക് മുൻവർഷങ്ങളിൽ കരാർ വെച്ച് ധനസഹായം കൈപ്പറ്റി വീട് പണി തുടങ്ങിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൊടുത്ത തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | രാഹുൽ സി ഡി, ചുമപ്പാട്ട് | 18/02/2021 | 40000 | ബേസ്മെന്റ് |
| 2 | സുനിൽ സോമൻ, അറുപതിൽചിറ | 14/02/2022 | 40000 | ബേസ്മെന്റ് |
| 3 | ഗീത മേനോൻതറ | 02/06/2022 | 40000 | ബേസ്മെന്റ് |
| 4 | വിഷ്ണു പടന്തപ്പുറത്ത് | 30/03/2022 | 40000 | ബേസ്മെന്റ് |
| 5 | അജീഷ് കുമാർ, കരികിലാട്ട് തറ | 17/03/2022 | 270000 | ലിന്റൽ |
| 6 | സൗമ്യ കെ എസ്,പറത്തട്ടിയിൽ | 24/06/2022 | 40000 | ബേസ്മെന്റ് |
| 7 | ശ്യാമള തോട്ടുവേലിത്തറ | 06/05/2022 | 200000 | മേൽക്കൂര |
| 8 | രാജേഷ് കോപ്പുഴലക്ഷംവീട് | 20/12/2022 | 40000 | ബേസ്മെന്റ് |
| 9 | സുനിൽ തുളസിത്തറ | 23/02/2023 | 40000 | ബേസ്മെന്റ് |
| 10 | ഷൈജുദാസ്, ഈരത്തറ | 07/02/2022 | 360000 | മേൽക്കൂര |
| 11 | ഉഷ സുരേന്ദ്രൻ, അഭിനന്ദനം | 26/09/2018 | 40000 | ബേസ്മെന്റ് |
| 12 | ഗോമതി തെക്കേപ്പറമ്പ് | 13/02/2019 | 360000 | മേൽക്കൂര |
| 13 | ഗിരിജ അനിൽകുമാർ | 25/03/2019 | 360000 | മേൽക്കൂര |
| 14 | ശ്രീനി പി എം പള്ളിയമ്പിൽചിറ | 12/08/2019 | 40000 | ബേസ്മെന്റ് |
| 15 | ഗീതാ തങ്കൻ,പീടികത്തറ | 27/02/2020 | 260000 | മേൽക്കൂര |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷക്കുറിപ്പിന് (39/21.11.23) ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും നിലവിൽ പല ഗുണഭോക്താക്കളും ലിന്റൽ ലെവൽ,

മേൽക്കൂര എന്നീ സ്റ്റേജുകളിൽ എത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-45 ഹൈബ്രിഡ് തെങ്ങിൻ തൈവിതരണം- ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചുനൽകി**

| | |
|---|---|
| പ്രോജക്ട് നമ്പർ | 49/23 |
| അടങ്കൽ | 263000/- (വികസനഫണ്ട്- ജനറൽ)<br>87000/- ( ഗുണഭോക്തൃ വിഹിതം)<br>350000 |
| ചെലവ് | 263000/- ( 192/30-1-23)<br>87000/-(22200813/7.3.23)<br>350000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

തലയാഴം ഗ്രാമപഞ്ചായത്തിനെ കേരഗ്രാമമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പഞ്ചായത്തിലെ വനിതകൾക്ക് ഗുണമേന്മയുള്ള ഹൈബ്രിഡ് തെങ്ങിൻ തൈകൾ വാങ്ങി വിതരണം നടത്തുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചത്. പ്രോജക്ടിന്റെ ഭാഗമായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വൈക്കം യൂണിറ്റിൽനിന്നും 1000 തെങ്ങിൻ തൈകൾ വാങ്ങിയ ഇനത്തിൽ തെങ്ങൊന്നിന് 350/-രൂപ പ്രകാരം ആകെ 350000/- രൂപ സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത നിരവധി ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചുനൽകിയതായി കാണുന്നു. വിതരണരജിസ്റ്ററും ഗുണഭോക്തൃലിസ്റ്റുമായി ഒത്ത് പരിശോധിച്ചതിൽ തെങ്ങിൻ തൈകൾ കൈപ്പറ്റിയിട്ടുള്ള നിരവധി ഗുണഭോക്താക്കൾ പഞ്ചായത്ത് അംഗീകരിച്ച് അച്ചടിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്. പലരും ബന്ധപ്പെട്ട വാർഡുകളിലെ ഗുണഭോക്തൃലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട തെങ്ങിൻതൈ വിതരണം, കുറ്റികുരുമുളക് എന്നിവയ്ക്ക് 51 ഉം 60 ഉം അപേക്ഷകളാണ് നിലവിൽ 15 വാർഡുകളിൽ നിന്നും ലഭിച്ചതെന്നും നിലവിലെ സാഹചര്യത്തിൽ ടി പദ്ധതി 100 ശതമാനം പൂർത്തീകരിക്കണമെങ്കിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത ആളുകൾക്ക് കൂടി പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിനായി പഞ്ചായത്ത് കമ്മറ്റി അനുവാദം നൽകണമെന്നാവശ്യപ്പെട്ട് കൃഷി ഓഫീസർ സമർപ്പിച്ച കത്ത് പരിഗണിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്കും കൃത്യമായ രേഖകൾ വാങ്ങി ആനുകൂല്യം നൽകുന്നതിന് അനുവാദം നൽകി പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നതായി പഞ്ചായത്ത് കമ്മിറ്റിയുടെ മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെടുകയും ചെയ്തു. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/18-11-23) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരണ സമയത്ത് ഗ്രാമസഭാ ലിസ്റ്റിലും പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലും ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടച്ച് തെങ്ങിൻതൈ വാങ്ങാൻ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ നല്ല രീതിയിൽ കൃഷി ചെയ്യുമെന്ന് ബോധ്യമുള്ള കർഷകർക്ക് അവർ ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി തൈകൾ നൽകുകയായിരുന്നുവെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എ സി പ്രകാരം ഗുണഭോക്താക്കളെ

ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ അധികാരമാണ്. ആയതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ പ്രസ്തുത തീരുമാനം ക്രമപ്രകാരമല്ല. ഗ്രാമസഭ തെരഞ്ഞെടുത്തതും പ്രോജക്ടിൽ വ്യവസ്ഥചെയ്യുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി നിയമാനുസൃതം അപേക്ഷ സമർപ്പിക്കുന്നതുമായ ഗുണഭോക്താക്കൾക്ക് മാത്രം അവരുടെ അർഹത പരിശോധിച്ചുറപ്പുവരുത്തിയതിനുശേഷം ആനുകൂല്യം നൽകാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവിന് അധികം തുക നൽകി

തലായാഴം ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ലൈഫ് ഭവന പദ്ധതിക്കായി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം ഔസേഫ് കെ എ, പടിഞ്ഞാറെ കാട്ടുവള്ളിത്തറ, വാർഡ് 13 എന്ന ഗുണഭോക്താവിന് 260000/- രൂപയും (പ്രോജക്ട് 46/23) സന്തോഷ് കെ പി കളത്തിത്തറ തോട്ടകം വാർഡ് 1 എന്ന ഗുണഭോക്താവിന് 280000/- രൂപയും (പ്രോജക്ട്48/23) നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിൽ യഥാക്രമം 200000/- രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാകുന്നു. ആയതിനാൽ ടി ഗുണഭോക്താക്കൾക്ക് അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | സാങ്ഷൻ നമ്പർ/തീയതി | തുക | ഫണ്ടിനം | തുക ക്രഡിറ്റ് ചെയ്ത അക്കൗണ്ട് നമ്പർ (പേര്) |
|---|---|---|---|---|---|
| 1 | ഔസേഫ് കെ എ, പടിഞ്ഞാറെ കാട്ടുവള്ളിത്തറ, വാർഡ് 13 | 47/24.09.2018 | 40000 | വികസനഫണ്ട് | 32910283248 (മറിയം) |
| | | 295/18.03.2022 | 160000 | ബ്ലോക്ക് വിഹിതം | |
| | | 13/02.06.2022 | 60000 | വികസനഫണ്ട് | |
| | | 31/07.07.2022 | 100000 | വികസനഫണ്ട് | |
| | | 51/01.09.22 | 100000 | വികസനഫണ്ട് | |
| | ആകെ | | 460000 | | |
| 2 | സന്തോഷ് കെ പി കളത്തിത്തറ തോട്ടകം വാർഡ് 1 | 58/31.08.21 | 40000 | ബ്ലോക്ക് വിഹിതം | 67244164714 (ബിജിമോൾ ചെല്ലപ്പൻ) |
| | | 256/05.03.2022 | 160000 | ജില്ലാപഞ്ചായത്ത് വിഹിതം | |
| | | 11/02.06.2022 | 40000 | സ്റ്റേറ്റ് ഷെയർ | |

| | | | | | |
|---|---|---|---|---|---|
| | | 10/02.06.22 | 40000 | സ്റ്റേറ്റ് ഷെയർ | |
| | | 32/07.07.2022 | 80000 | വികസനഫണ്ട് | |
| | | 70/12.10.22 | 100000 | ബ്ലോക്ക് വിഹിതം | |
| | | 70/12.10.22 | 20000 | വികസനഫണ്ട് | |
| | ആകെ | | 480000 | | |

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താവിന് ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ആകെ 400000 രൂപയാണ് അനുവദിക്കാവുന്നത്. അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നല്കിയ അന്വേഷക്കുറിപ്പിന് (12/18.11.23) ശ്രീ ഔസേഫ് കെ എ പടിഞ്ഞാറെ കാട്ടുവള്ളിത്തറ എന്ന വ്യക്തിക്ക് അധികം നൽകിയ 60000/- രൂപ 21/10/2022ൽ പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടെന്നും സന്തോഷ് കെ പി എന്ന വ്യക്തിക്ക് അധികം തുക നൽകിയത് ഓഡിറ്റ് വേളയിലാണ് ശ്രദ്ധയിൽപ്പെട്ടതെന്നും ആയത് ഉടൻ തിരികെ അടപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഈ സാഹചര്യത്തിൽ ശ്രീ സന്തോഷ് കെ പി എന്ന ഗുണഭോക്താവിന് 2022-23 ൽ അധികമായി നൽകിയ 80000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ 80000/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 14/07/2023-ലെ 2(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 14/11/2023 ലെ എ1 1878/2023 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു.

ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 15/11/2023, 16/11/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് **20,796,83**/- രൂപയും വൈക്കം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് **3,152,000**/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 570,000/- | ലൈഫ് ഭവന പദ്ധതി – ജനറൽ (46/23) | 570,000/- | 0 |
| | 1790,000/- | ലൈഫ് ഭവന | 1790,000/- | 0 |

| | | | | |
|---|---|---|---|---|
| | | നിർമ്മാണം - എസ് സി പി (48/23) | | |
| | 150,000/- | അങ്കണവാടികളിൽ പോഷകാഹാരം (11/23) | 150,000/- | 0 |
| | 192,000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും (9/23) | 192,000/- | 0 |
| | 250,000/- | ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി (67/23) | 250,000/- | 0 |
| | 100,000/- | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ (25/23) | 100,000/ | 0 |
| | 100,000/ | വയോജനങ്ങൾക്ക് ആയുർവേദ മരുന്നു വാങ്ങൽ (157/23) | 100,000/ | |
| **ആകെ** | **3,152,000/-** | **ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | **3,152,000/-** | **0** |
| കോട്ടയം ജില്ല പഞ്ചായത്ത് | 840,000/- | ലൈഫ് ഭവന നിർമ്മാണം - എസ് സി പി(48/23) | 840,000/- | 0 |
| | 90000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും (9/23) | 90000/- | 0 |
| | 100,000/- | അങ്കണവാടികളിൽ പോഷകാഹാരം (11/23) | 100,000/- | 0 |
| | 227,959/- | ഹരിതകർമ്മസേനയ്ക്ക് മുച്ചക്രവാഹനം വാങ്ങൽ (31/23) | 227,959/- | 0 |
| | 498,963/- | സി കെ എൻ ബ്ലോക്ക് മോട്ടോർപുര (142/23) | 498,963/- | 0 |

| | | | | |
|---|---|---|---|---|
| | 122,761/- | മണ്ണുത്തുശ്ശേരി ബ്ലോക്ക് മോട്ടോർപുര (141/23) | 122,761/- | 0 |
| | 200,000/- | ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി (67/23) | 200,000/- | 0 |
| **ആകെ** | **20,796,83/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **20,796,83/-** | **0** |

ജില്ല-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ പഞ്ചായത്തിൽ നൽകാതെ പ്രോജക്ട് മാപ്പിങ്ങിലൂടെ നേരിട്ട് ഗുണഭോക്തൃ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യുന്നു.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷം പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് നിർമ്മിതി കേന്ദ്രം, കെ എസ് ഇ ബി എന്നീ നിർവ്വഹണ ഏജൻസികളിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലൂടെ തുക നിക്ഷേപിച്ചിട്ടുണ്ട്. മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം വാർഷിക ചെലവ് പത്രിക പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| നിർമ്മിതി കേന്ദ്രം | പഞ്ചായത്ത് ഓഫീസ് അനക്സ് കെട്ടിടനിർമ്മാണം (24/23) | 2220000/- | 0 | 2220000/- |
| കെ എസ് ഇ ബി | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് ലൈൻ ചാർജ്ജിംഗ് (168/23) | 50656/- | 0 | 50656/- |

ടി പ്രോജക്ടുകൾ പൂർത്തീകരിച്ച് 2270656/- രൂപയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തലയാഴം ഗ്രാമപഞ്ചാത്ത് ഫണ്ടിൽ നിന്നും 2022-23 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| **വായ്പയുടെ പേര് ഉദ്ദേശ്യം** | **ഉത്തരവ് നം., തീയതി** | **വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക** | **തൻ വർഷം എടുത്ത വായ്പ തുക** | **തൻവർഷം തിരിച്ചടച്ച തുക** | **വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക** |
|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി. | സ.ഉ(സാ.ധാ) 359/2017 തസ്വഭവ, 08.02.2017 | 13,755,667 | 2,193,610 | 2,365,185 | 13,584,092 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15 2-2, 2-3, 2-4, 2-5 | 2016-17 അനുബന്ധം 3 | വസ്തു നികുതി | തീർപ്പാക്കിയിട്ടില്ല |
| 2014-15 2-6-1, 2-6-2 | 2016-17 അനുബന്ധം 4 | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |
| 2015-16 2-8, 2-9 | 2016-17 അനുബന്ധം 5 | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |
| 2019-20 1-16 | 2020-21 അനുബന്ധം 2 | ഫാർമസി സ്റ്റോർ ശീതീകരണം (പി.എച്ച്.സി)- രേഖകൾ ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഈയിനത്തിൽ തുകയൊന്നും വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | : | 50,655,738 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | : | 36,244,458 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം) | | 168,082,098 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം) | | 172,677,872 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | : | 80000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3766325 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (1-25) | -- | 80000 | ശ്രീലത സി.എസ്., വി.ഇ.ഒ. |
| **ആകെ** | | **80000** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| **ഖണ്ഡിക നം.** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 1-23 | 2220000 | ശ്രീ. പ്രവീൺകുമാർ കെ.എസ്, സെക്രട്ടറി ഇൻ ചാർജ് |
| 1-28 | 20000 | ശ്രീമതി സ്നേഹലത പി. ഐസിഡിഎസ് സൂപ്പർവൈസർ |
| 1-32 | 50656 | ശ്രീ. പ്രവീൺകുമാർ കെ.എസ്, സെക്രട്ടറി ഇൻ ചാർജ് |
| 1-35 | 500000 | ശ്രീമതി ജിഷ പി.റ്റി വി.ഇ.ഒ., തോട്ടകം |
| 1-36 (1) | 33815 | ഡോ.ജ്യോൽസന ബഷീർ മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |
| 1-36 (2) | 8404 | ഡോ.ജ്യോൽസന ബഷീർ മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |
| 1-37 | 312850 | ഡോ.എസ്.ശെങ്കോട്ടയ്യൻ, വെറ്ററിനറി സർജൻ |
| 1-38 | 84600 | ഡോ.എസ്.ശെങ്കോട്ടയ്യൻ, വെറ്ററിനറി സർജൻ |
| 1-39 | 500000 | ശ്രീ.അനിൽ കെ.എം., സെക്രട്ടറി |
| 1-42 | 36000 | ശ്രീമതി സജിത സി., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **3766325** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീലത സി.എസ്., വി.ഇ.ഒ. | വി.ഇ.ഒ. തലയാഴം ഗ്രാമപഞ്ചായത്ത് | തോണ്ടലുവെളി കായിപ്പുറം മുഹമ്മ - 688525 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.09.2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി6/858/22(1) | 3 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/1201/22(2) /2018/ 08.01.2018 | 8 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22) /1801(1)/2022/ 28.07.2022 | 4 |
| 2009-2010 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22) /1801(3)/2022/28.07.2022 | 5 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി6/1209/2022(3) /30.07.2022 | 1 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22) /1801(6)/22/20.08.2022 | 6 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22) /1801(7)/22/20.08.2022 | 3 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22)/1801(8)/22/20.08.2022 | 6 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6//18/2333/2022(2)21.11.2022 | 18 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.22)/651/22/20.08.2022 | 8 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി6/1294/22/20.08.22 | 10 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി6/1960/19/27.07.2022 | 22 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി6/941/21/04.01.2022 | 11 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി6/943/21/24.01.2022 | 16 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി6/2282/22/08.05.2023 | 23 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 14-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thalayazham Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thalayazham Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Thalayazham Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Assets not classified and evaluated and Asset Register has not updated.
2. The accuracy of General Fund as on 31.03.2023 is not clear.
3. Current year opening balance of e-payment account differs from closing balance of previous year.

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.
2. Accrual Acounting of contingent expenditures for the year booked in a single liability account head eventhough proper accounting heads available
3. Balance amount of KURDFC loan differs in Schedule B-5 and B-16
4. Government/Other dues register not maintained

5. Receipt & Payment of Central Finance Commission Grant differs in ACR, Expenditure Statement and AFS.
6. Advances not accounted in proper account heads.
7. Details of Prior Period Income/expenditure not certified and submitted as notes on account.
8. Misclassification of asset Vehicle purchased not accounted under proper asset head.
9. Records to verify accuracy of amount included in the head of account 450210104 in B-17 Schedule not provided
10. Records to verify accuracy of Closing Balance in Treasury account VPFA-III-6-(1140000) is not provided.

DEPUTY DIRECTOR
KERALA STATE AUDIT DEPT.
DISTRICT AUDIT OFFICE, KOTTAYAM

## അനുബന്ധം–2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2022–2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021–ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്